മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

MY LORD AND MY GOD

Vol. 07 No. 03 | THE ONLINE OFFICIAL NEWS BULLETIN | 2024 January 18

SEASON OF EPIPHANY | **ദനഹാകാലം** | **ܥܕܢܐ ܕܕܢܚܐ**

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
	NINEVEH FAST (THREE-DAY FAST)					
♪6 **21** 3rd Sunday after Epiphany 15th Mem. of Philipos Mar Eusebius Metropolitan ✠ (Pathanamthitta Basil Dayara) Pethurtho of Nineveh Fast	♪2 **22** **Nineveh Fast Begins** 208th Mem. Of Mar Thoma VIII ✠ (Puthencavu Cathedral)	♪6 **23** Comme. of St. Augen the monk	♪2 **24** Comme. of Prophet Jonah	♪6 **25** ✠ **Nineveh Feast** Comme. of Patriarch St. Severios of Antioch	♪2 **26** 18th Mem. of H.H.Baselios Mar Thoma Mathews II Catholicos ✠ (Shasthamkotta Mount Horeb) 70th Mem. of Paulose Mar Athanasios ✠ (Kuttikkattil) (Aluva Thrikkunnath Seminary)	♪6 **27**



ജ്വാല 2024 കേന്ദ്ര കലാമേള ഉദ്ഘാടനം തിരുവല്ല എം.ജി.എം. ഹയർ സെക്കണ്ടറി സ്കൂളിൽ പരിശുദ്ധ ബസ്സേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ നിർവഹിച്ചു. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, ഡോ. ഗീവർഗീസ് മാർ യൂലിയോസ്, ഗീവർഗീസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തന്മാരും വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ തുടങ്ങിയവർ സമീപം.



മഹാകവി പുത്തൻകാവ് മാത്തൻ തരകൻ അനുസ്മരണ സമ്മേളനം കാതോലിക്കേറ്റ് കോളജിൽ പ. കാതോലിക്ക ബാവാ ഉദ്ഘാടനം ചെയ്തു. വിശ്വദീപം അവാർഡ് കവി പി. കെ. ഗോപിക്കു ബാവാ സമർപ്പിച്ചു. അനുസ്മരണ സെമിനാർ ഉദ്ഘാടനം കവി കെ. രാജഗോപാൽ നിർവഹിച്ചു. മാത്തൻ തരകന്റെ കാവ്യലോകം സെമിനാറിനു ഫാ. ഡോ. മാത്യു ദാനിയേൽ നേതൃത്വം നൽകി. മാത്തൻ തരകൻ ട്രസ്റ്റ് ചെയർമാൻ ഡോ. പോൾ മണലിൽ അദ്ധ്യക്ഷപ്രസംഗം നടത്തി.

വിഘടിത വിഭാഗം ‘മലങ്കര മെത്രാപ്പോലീത്താ’ സ്ഥാനം ഉപയോഗിക്കുന്നത് തെറ്റിധാരണാജനകമെന്ന് മലങ്കര ഓർത്തഡോക്സ് സഭ

കോട്ടയം: വിഘടിത വിഭാഗത്തിന്റെ മെത്രാപ്പോലീത്തൻ ട്രസ്റ്റി, മലങ്കര മെത്രാപ്പോലീത്താ എന്ന സ്ഥാനം ഉപയോഗിക്കുന്നത് തെറ്റിധാരണാജനകമെന്ന് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ.

മാർത്തോമൻ പാരമ്പര്യത്തിൽ നിന്ന് കാലാകാലങ്ങളിൽ അടർന്നുപോയവർ ഇന്ന് പരമ്പരാഗത നാമധേയങ്ങൾ സ്വയം ചാർത്തുന്ന രീതി നിയമവ്യവസ്ഥയോടുള്ള വെല്ലുവിളി കൂടിയാണ്. നൂറ്റാണ്ടുകൾ നീണ്ടുനിന്ന വ്യവഹാരത്തിലൂടെ ഇന്ത്യൻ നീതിന്യായ വ്യവസ്ഥ ആവർത്തിച്ച് അരക്കിട്ടുറപ്പിച്ച മലങ്കര നസ്രാണികളുടെ തലവനാണ് മലങ്കര മെത്രാപ്പോലീത്താ എന്നിരിക്കെ തെറ്റിദ്ധാരണ പരത്തുന്ന വ്യാജ നാമധേയം ഉപയോഗിക്കുന്നതിൽ നിന്ന് പിന്തിരിയണമെന്ന് പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ ആവശ്യപ്പെട്ടു.


1934-ലെ ഭരണഘടനപ്രകാരം ഭരിക്കപ്പെടുന്ന മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഭാഗമാകാൻ കഴിയാതെ ഭരണഘടനാനുസൃതമുള്ള പദവികൾ അനധികൃതമായി ഉപയോഗിക്കുന്നത് നിയമ വ്യവസ്ഥിതിയോടുള്ള വെല്ലുവിളിയാണ്. കാതോലിക്കാ, മലങ്കര മെത്രാപ്പോലീത്താ എന്നീ സ്ഥാനങ്ങളെ അവഗണനയോടെ കണ്ടിരുന്ന സമൂഹം ഇന്ന് അവയ്ക്കുവേണ്ടി മുറവിളി കൂട്ടുന്നത് വിരോധാഭാസമാണ്.



പന്തളം കുരമ്പാല സെന്റ് തോമസ് ഓർത്തഡോക്സ് വലിയപള്ളി യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ സഹോദരൻ പദ്ധതിയുമായി ചേർന്നുനിന്ന് ഇടവകയിലെ നിർദ്ധനരായ ഒരു കുടുംബത്തിന് സ്വപ്നക്കൂട് എന്ന ഭവന നിർമ്മാണത്തിന് തുടക്കം കുറിക്കുകയും ഡോ. മാത്യൂസ് മാർ തീമോത്തിയോസിന്റെ മുഖ്യകാർമികത്വത്തിൽ കൂദാശ നിർവ്വഹിച്ചു താക്കോൽ കൈമാറുകയും ചെയ്തു.

സഭാപിതാക്കന്മാർ

അമർത്യനായ അജപാലകൻ: പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവാ



ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്താ

പരിശുദ്ധനും യുഗപ്രഭാവനുമായ പരിശുദ്ധ ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവ സ്വർഗ്ഗോന്നതങ്ങളിലേയ്ക്ക് കുടിയേറിയിട്ട് 60 വർഷം തികയുന്നു. വജ്ര ജൂബിലി വർഷത്തിലേക്ക് കടക്കുമ്പോഴും, കാലം ചെയ്തിട്ടും കടന്നുപോയിട്ടും ഇത്രയേറെ വർഷങ്ങൾ കഴിയുമ്പോഴും പ. പിതാവിന്റെ ജീവിതപ്രമാണങ്ങളും പ്രവർത്തനങ്ങളും കാലികമായി ഇന്നും നിലനിൽക്കുകയാണ്. മുൻകാലത്തെ മൂല്യമേറിയ പ്രവർത്തനങ്ങൾ ആണല്ലോ പലരുടെയും ശിഷ്ടകാലത്ത് അവരുടെ ജീവിതത്തെ മനുഷ്യ ഹൃദയങ്ങളിൽ അമർത്യമായി നിലകൊള്ളാൻ ഇടയാക്കുന്നത്. ജീവിച്ചിരുന്ന കാലത്തും വർത്തമാനകാലത്തും കുറിച്ചി ബാവയുടെ പ്രവർത്തങ്ങളോട് താരതമ്യപ്പെടുത്താൻ ഒരു ജീവിതമില്ല എന്നത് നഗ്നസത്യമാണ്. അതൊരു ഓർമ്മപ്പെടുത്തലുമാണ്. ദൈവത്തോട് സംസാരിക്കുകയും ദൈവത്തിൽ നിന്ന് കേൾക്കുകയും ചെയ്ത ഒരു താപസശ്രേഷ്ഠനാണ് പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവാ തിരുമേനി എന്ന് പരിശുദ്ധ ബസ്സേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ ബാവാ തിരുമേനി അടയാളപ്പെടുത്തിയിട്ടുണ്ട്. പ്രതിസന്ധികളിലും പ്രലോഭനങ്ങളിലും ആത്മസംയമനത്തോടും സുധീരമായും നേതൃത്വം നൽകുകയും, ധീരോദാത്തമായ നിലപാടുകൾ കൊണ്ട് സമൂഹത്തിന്റെ ശ്രദ്ധയെ തന്നിലേക്ക് ആവാഹിക്കുവാൻ കഴിയുകയും ചെയ്ത അതുല്യപ്രതിഭയാണ് അദ്ദേഹമെന്ന് പരിശുദ്ധ ബസ്സേലിയോസ് മാർത്തോമാ ദിദിമോസ് പ്രഥമൻ ബാവാ രേഖപ്പെടുത്തുന്നുണ്ട്. ആരാധന അനുഷ്ഠാനം, ജീവിതവിശുദ്ധി, സഭയുടെ വളർച്ച എന്നിവയിൽ നിഷ്ഠയോടും കൃത്യതയോടും ജീവിച്ച പുണ്യാത്മാവായിരുന്നു കുറിച്ചി ബാവയെന്ന് പരിശുദ്ധ ബസ്സേലിയോസ് മാർത്തോമാ മാത്യൂസ് ദ്വിതീയൻ ബാവാ സാക്ഷിക്കുന്നു. പരിശുദ്ധ ബസ്സേലിയോസ് മാർത്തോമാ മാത്യൂസ് പ്രഥമൻ ബാവാ പ. പിതാവിനെ അനുസ്മരിക്കുന്നത് ഭൗതിക ജീവിതകാലത്ത് തന്നെ പരിശുദ്ധന്മാരുടെ നിരയിൽ നിന്ന് ദൈവത്തെ മഹത്വപ്പെടുത്താനും അതിൽ ആനന്ദം അനുഭവിക്കാനും കഴിഞ്ഞിരുന്ന ഭാഗ്യശാലിയായിരുന്നു പരിശുദ്ധ ഗീവർഗ്ഗീസ് ദ്വിതീയൻ ബാവാ എന്നാണ്. ഇങ്ങനെ പിൻഗാമികൾ തങ്ങളുടെ മുൻഗാമിയെ ഇത്ര മനോഹരമായി വിശേഷിപ്പിക്കണമെങ്കിൽ അതെത്രമാത്രം മാതൃകാപരമായ ജീവിതം ആയിരുന്നു എന്നും നാം ഓർക്കണം. അങ്ങനെയെങ്കിൽ ആ പുണ്യജീവിതം നമ്മേ ഓർമ്മിപ്പിക്കുന്നത് ജീവിതം ജീവിച്ചു തീർക്കാൻ മാത്രമുള്ളതല്ല, മറിച്ചു അത് മറ്റുള്ളവർക്ക് പകർന്നു കൊടുക്കാനുള്ളതുമാണ് എന്നാണ്.

അതുല്യമായ ആത്മീയവിശുദ്ധിയുടെ സൗന്ദര്യവും ദിവ്യശോഭയും ജീവിതത്തിലുടനീളം കാത്തുപരിപാലിച്ച മഹായോഗിയായ പ. ഗീവർഗീസ് ദ്വീതിയൻ ബാവാ എല്ലായ്പ്പോഴും സഭാമക്കളുടെ ഹൃദയങ്ങളിൽ തിളങ്ങുന്ന നക്ഷത്രമാണ്. പതിനാറു വർഷം മെത്രാപ്പോലീത്തായായും നീണ്ട മുപ്പത്തിനാലു വർഷങ്ങൾ പൗരസ്ത്യ കാതോലിക്കായായും പ. വട്ടശ്ശേരിൽ തിരുമേനിയുടെ ദേഹവിയോഗശേഷം ഏകദേശം മുപ്പതു വർഷങ്ങൾ മലങ്കര മെത്രാപ്പോലീത്തായായും പരിശോഭിച്ച പ. പിതാവിനെ വിശ്വാസികൾ ആധുനിക മലങ്കരസഭയുടെ പ്രധാന ശില്പി എന്നാണ് വിളിക്കുന്നത്.

ശക്തമായ അടിത്തറ സഭയ്ക്കായി ഒരുക്കിയിട്ടാണ് ആ പുണ്യാത്മൻ ഇവിടെ നിന്നും മഹോന്നതങ്ങളിലേയ്ക്ക് കുടിയേറിയത്. മലങ്കരയുടെ മഹാമാമുനിയെന്നും, വിശ്വാസധീരനെന്നും, സമാധാനത്തിന്റെ കാവൽഭടൻ എന്നും മലങ്കരയുടെ വലിയ ബാവാ എന്നും ഒക്കെ വിശ്വാസികൾ ഹൃദയത്തോടു ചേർത്തുവച്ചു വിളി ക്കുന്ന നാമമാണ് പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവായുടേത്. കുണ്ടറക്കാർക്ക് പരിശുദ്ധ ബാവാ തിരുമേനി അവരുടെ 'കുണ്ടറ തിരുമേനി' ആണ്. കുറിച്ചിക്കാർക്ക് പുണ്യപിതാവ് 'കുറിച്ചി ബാവ'യും കല്ലാശ്ശേരി ബാവായുമാണ്. പരിശുദ്ധ സഭയ്ക്ക് അദ്ദേഹം 'വലിയ ബാവ'യുമാണ്. ഇങ്ങനെ താൻ ജീവിച്ച ഇടങ്ങളിലൊക്കെ അനേകരെ തന്നിലേയ്ക്ക് ആകർഷിക്കാൻ തക്കവിധ ജീവിത



മൂല്യമുള്ള പിതാവിന്റെ അറുപതാം ഓർമ്മ നമുക്കേവർക്കും അഭയവും കോട്ടയും കാവലുമാണ്. ഒപ്പം ആ ജീവിത സുകൃതത്തെ അനുഭവിക്കാനൊരു അവസരം കൂടിയാണ്.

വജ്രജൂബിലിയിലേയ്ക്ക് പ്രവേശിക്കുന്ന മഹായോഗിവര്യന്റെ ഓർമ്മയിൽ അദ്ദേഹത്തിന്റെ ദർശന വഴികളിലൂടെ സഞ്ചരിക്കുവാനാണ് ഇവിടെ ശ്രമിക്കുന്നത്.

സഭാദർശനം

കലുഷിതമായ സഭാന്തരീക്ഷത്തിൽ പരിശുദ്ധ സഭയ്ക്ക് ദിശാബോധം പകർന്ന പിതാവാണ് പരിശുദ്ധ ഗീവർഗ്ഗീസ് ദ്വിതീയൻ ബാവാ. സംഭവബഹുലമായിരുന്ന പ. പിതാവിന്റെ ജീവിത കാലം മലങ്കരസഭയുടെ സുവർണ്ണ കാലഘട്ടം തന്നെ ആയിരുന്നു. പ്രാർത്ഥനയിലൂടെ പരിമിതികളെ മറികടക്കാൻ പരിശുദ്ധ സഭയ്ക്ക് സാധിക്കുമെന്ന് സ്വജീവിതംകൊണ്ട് അദ്ദേഹം തെളിയിച്ചു. കലക്കവെള്ളത്തെ തെളിമയാർന്ന ജലമാക്കി മാറ്റും വിധം പ്രശ്നങ്ങളെയും പ്രതിസന്ധികളേയും അകറ്റി പരിശുദ്ധ സഭയിൽ ശ്വാശ്വത സമാധാനം പുനസൃഷ്ടിക്കാൻ പുണ്യപിതാവിന്റെ ത്യാഗോജ്വലമായ നേതൃത്വപാടവം മൂലം സാധിച്ചു. സുതാര്യമായ ജീവിതവും നിർമ്മലമായ ഇടപെടലും അകന്നിരുന്നവരെ പോലും അതിശയിപ്പിച്ചു. തലമുറകൾക്ക് ഇപ്പുറവും ആ വിശേഷണങ്ങൾ പിതാവിന്റെ

ഓർമ്മകളോടൊപ്പം സഞ്ചരിക്കുന്നു എന്നത് ഒരു പ്രത്യേകത തന്നെയാണ്. പിതൃസ്മരണയിൽ അത് അനിവാര്യവുമാണ്.


സഭയെപ്പറ്റി വ്യക്തമായ ദർശനമുണ്ടായിരുന്ന ബാവാ തിരുമേനിയുടേ കാല ഘട്ടത്തിലാണ് ആധ്യത്മിക പ്രസ്ഥാനങ്ങൾ സഭയിൽ ആരംഭം കുറിച്ചത്. മല ങ്കരസഭയിൽ മർത്തമറിയം വനിതാ സമാജം (1929), സൺഡേസ്കൂൾ (1933), കാതോലിക്കാ ദിനപ്പിരിവ് (1935), യുവജനപ്രസ്ഥാനം (1937), മലങ്കരസഭ മാസിക (1946) എന്നിവ ആരംഭിച്ചു. ഇന്നും സഭയുടെ അടിസ്ഥാനമായി ഈ പ്രസ്ഥാന ങ്ങൾ നിലകൊള്ളുന്നു.

കേരളത്തിൽ മാത്രമായി അറിയപ്പെട്ടിരുന്ന മലങ്കര സഭയെ ലോകമെമ്പാടും അറിയപ്പെടാൻ തക്കവണ്ണം ചലനം സൃഷ്ടിച്ചത് പരിശുദ്ധ ബാവയുടെ കർമ്മ ഫലമാണ്. ഇതര ക്രൈസ്തവ സഭകളുമായി സമ്പർക്കം സൃഷ്ടിക്കുവാനും, ബന്ധങ്ങൾ ദൃഢമാക്കുവാനും അദ്ദേഹത്തിന്റെ പ്രവർത്തനം മൂലം സാധിച്ചു. ഒപ്പം ആഗോള തലത്തിൽ മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് ഒരു സ്വത്വ ബോധം പകരാനും ആശയ വിനിമയങ്ങൾ പങ്കുവയ്ക്കുവാനും, പ്രത്യേകിച്ച് ഓറിയന്റൽ ഓർത്തഡോക്സ് സഭകളുമായിട്ടുള്ള ഐക്യം ദൃഢമാകുവാനും, വിദേശ രാജ്യങ്ങളിലെ ക്രൈസ്തവ സഭ മേലധ്യക്ഷന്മാർ മലങ്കരയിലേക്ക് കട ന്നുവരുവാനും ഇടയായി. റമ്പാൻ ആയിരുന്നപ്പോൾ 1908 മാർച്ച് 26 ന് ഊർശ്ലേം സന്ദർശനം നടത്തി. കാതോലിക്കാ സ്ഥാനാ രോഹണത്തിനു ശേഷം 1929 ഡിസംബർ 5-ന് ഇന്ത്യൻ വൈസ്രോയി ഇർവ്വിൻ പ്രഭുവുമായി കൂടിക്കാഴ്ച്ച നടത്തി. 1934 ആഗസ്റ്റിൽ സഭാ സമാധാനത്തിനായി പരിശുദ്ധ അപ്രേം പ്രഥമൻ പാത്രീയർക്കീസുമായി കൂടിക്കാഴ്ച നടത്തി. 1937-ൽ എഡിൻബറോയിൽ നടന്ന അഖില ലോക സഭാ സമ്മേളനത്തിൽ സംബന്ധിച്ചു. അതേ വർഷം പാരീസ് സന്ദർശനം നടത്തി റഷ്യൻ ഓർത്തഡോക്സ് സഭയുടെ അതിഥിയായി താമ സിച്ചു. ഒക്ടോബർ മാസത്തിൽ യൂഗോസ്ലോവ്യ സന്ദർശിച്ച് സെർബിയൻ പാത്രി യർക്കീസുമായി കൂടിക്കാഴ്ച നടത്തി. ഒക്ടോബർ 24- ന് സിലോൺ സന്ദർശനം നടത്തി. ഇങ്ങനെ മലങ്കര സഭയിൽ നിന്നും സഭാ മേലധ്യക്ഷൻ ആയ ശേഷം ആഗോള തലത്തിൽ ഏറെ ബന്ധം സൃഷ്ടിക്കാൻ പുണ്യപിതാവിന് സാധിച്ചു. ഇന്ന് നാം കാണുന്ന എക്യു മെനിക്കൽ ബന്ധങ്ങളുടെയെല്ലാം തുടക്കക്കാരൻ പരിശുദ്ധ ബാവാ തിരുമേനി ആണ്. സഭയുടെ ആഗോള തലത്തിലുള്ള വളർ ച്ചയ്ക്കും സ്വത്വ ബോധത്തിനും ഇത് സഹായകരമാവുകയും ചെയ്തു.

സഭയുടെ സമുദായക്കേസുകളിൽ അടിപതറാതെ സത്യത്തിനായി നില നിന്നു. സഭാ സമാധാന ആലോചന സമ്മേളനങ്ങളിൽ പങ്കെടുക്കാനും ബാവാ ശ്രദ്ധിച്ചിരുന്നു. ധാരാളം വ്യക്തികൾക്ക് പട്ടം നൽകി ശെമ്മാശന്മാരും, വൈദി കരും, മെത്രാപ്പോലീത്തന്മാരുമാക്കി മാറ്റി. പൗരസ്ത്യ ദൈവശാസ്ത്രത്തിന്റെ ആത്മാവിനെ ഹൃദയപൂർവ്വം ഉൾക്കൊണ്ട പ. പിതാവ് ഓർത്തഡോക്സ് വിശ്വാ സത്തിന്റെ വീറും വിശുദ്ധിയും ആവോളം പ്രചരിപ്പിച്ചു. പാശ്ചാത്യ ദൈവ ശാസ്ത്രത്തിന്റെ വ്യക്തികളെ ചിന്തിപ്പിക്കുന്ന വിധത്തിൽ വി. വേദപുസ്ത കത്തിലെ വിശുദ്ധ രഹസ്യങ്ങളെ വിശദമായി വ്യാഖ്യാനിച്ചു നൽകി. രണ്ടു പ്രാവശ്യം പ. മൂറോൻ കൂദാശ ചെയ്തു. പ. വട്ടശ്ശേരിൽ തിരുമേനിയുടെ നേതൃത്വ ത്തിൽ രൂപംകൊടുത്ത സഭാ ഭരണഘടനയെ 1934-ൽ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷനിലൂടെ സഭയുടെ ഔദ്യോഗിക ഭരണഘടന യാക്കി മാറ്റി. ഭാരത ക്രൈസ്തവ സഭയുടെ ചരിത്രത്തിൽ ആദ്യമായി രണ്ടു പിതാക്കന്മാരെ (പ. പരുമല ഗ്രീഗോറിയോസ്, പ. യൽദോ മാർ ബസേലിയോസ്) വിശുദ്ധരായി പ്രഖ്യാപിച്ചു. വിശ്വാസികൾ ആരാധനയിൽ അർത്ഥപൂർണ്ണമായി പങ്കെടുക്കാൻ തക്കവണ്ണം ശുശ്രൂഷാക്രമങ്ങൾ മലയാളത്തിലേക്കു പരിഭാഷ പ്പെടുത്തുവാനുള്ള നടപടികൾ ആരംഭിച്ചു. സഭയിൽ പ്രതികൂല സാഹചര്യം സൃഷ്ടിക്കപ്പെടാൻ ഇടയാകുമെന്ന് തിരിച്ചറിഞ്ഞ പിതാവ് 1951-ൽ ദേവലോകത്ത് അരമന സ്ഥാപിക്കുകയും 1952 ജനുവരി മുതൽ അവിടെ താമസമരംഭിക്കുകയും ചെയ്തു. ശിഷ്ടകാലം ദേവലോകത്ത് താമസിച്ചു സഭാഭരണം നടത്താനും ബാവാ തിരുമേനിക്ക് സാധിച്ചു. ഭക്തനായ മനുഷ്യൻ ദൈവികമായ ദർശന ത്തോടെ ജീവിച്ചപ്പോൾ അദ്ദേഹം വാണരുളിയ സഭയ്ക്കും ദർശനബോധം സാധ്യമായി.

സാമൂഹിക ദർശനം

സഭയുടെ വളർച്ചയ്ക്കൊപ്പം സമൂഹവും ഉയരണമെന്ന ദർശനം ആവാം അദ്ദേഹത്തിലൂടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് തുടക്കം കുറിക്കാൻ ഇടയാ ക്കിയത്. സാമൂഹികപരമായും സഭാപരമായും സാമ്പത്തിക പ്രതിസന്ധി ഉണ്ടാ യിരുന്നപ്പോളും സ്കൂളുകൾ സ്ഥാപിക്കാൻ അദ്ദേഹം ശ്രദ്ധിച്ചു. മുൻഗാമികളായ



കൽക്കട്ടാ സന്ദർശനം.

പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ, പരിശുദ്ധ പരുമല തിരുമേനി, പരിശുദ്ധ പൗലോസ് പ്രഥമൻ ബാവാ, പരിശുദ്ധ ബസ്സേലിയോസ് ഗീവർഗ്ഗീസ് പ്രഥമൻ ബാവാ (വള്ളിക്കാട്ട് ബാവാ) തുടങ്ങിയവർ സാമൂഹിക നന്മയ്ക്കായ് തുടക്കം കുറിച്ച പള്ളിക്കൂടങ്ങളുടെ വളർച്ചയെ ഹൃദയത്തിലേറ്റി അവയുടെ പ്രവർത്തനത്തെ പ്രോത്സാഹിപ്പിച്ചു. തന്റെ ഗുരുവായ വട്ടശ്ശേരിൽ തിരുമേനിയുടേ നാമത്തിൽ അദ്ദേഹത്തിന്റെ ഓർമ്മ നിലനിർത്താൻ പ. വട്ട ശ്ശേരിൽ തിരുമേനിയുടേ ജന്മനാടിനടുത്ത് ചെങ്ങരൂരിൽ ഒരു ഹൈസ്കൂൾ സ്ഥാപിച്ചു.

കൊല്ലം ഭദ്രാസന മെത്രാപ്പോലീത്താ ആയിരുന്ന കാലത്ത്, 1914-ൽ കുണ്ടറ പ്പള്ളിയിൽ നിന്ന് വളരെ അകലെ അല്ലാതെ ഒരു വസ്തു വാങ്ങുകയും ആ വസ്തുവിൽ ഒരു സെമിനാരിയും ചാപ്പലും സ്ഥാപിക്കുകയും ചെയ്തു. ഇംഗ്ലീഷ് വിദ്യാഭ്യാസം വേണ്ടവണ്ണം പ്രചരിച്ചിട്ടില്ലാതിരുന്ന കുണ്ടറയിൽ സെമിനാരിയോടു ചേർന്നു തന്റെ ഗുരുവായ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് തിരു മേനിയുടെ നാമത്തിൽ എം.ജി.ഡി. സ്ക്കൂൾ സ്ഥാപിച്ചു (1916). ടി സ്ക്കൂൾ ഇപ്പോൾ വളർന്ന് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വേണ്ടി പ്രത്യേക മായി തിരിച്ച രണ്ടു ഹയർ സെക്കണ്ടറി സ്ക്കൂളു കളായി നാനാജാതി മതത്തിൽ പെട്ട ദേശനിവാസികൾക്ക് വിജ്ഞാനം പകർന്നു നൽകുന്നു. ഈ ലേഖകനും ഹൈസ്ക്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ വിദ്യാലയമാണത്.

കുണ്ടറ ദേശത്തുള്ള വിശ്വാസികളുടെ ആദ്ധ്യാത്മികാഭിവൃദ്ധിക്കും വിശ്വാസ സ്ഥിരതയ്ക്കും വേണ്ടി സുവിശേഷമഹായോഗങ്ങൾ, സണ്ടേസ്ക്കൂളുകൾ, യുവ ജനസംഘങ്ങൾ, ബൈബിൾ ക്ലാസുകൾ, പ്രാർത്ഥനായോഗങ്ങൾ തുടങ്ങിയ വിവിധ പദ്ധതികൾ സംഘടിപ്പിക്കുകയും അവയുടെ നിലനിൽപ്പിനുവേണ്ടി തിരു മേനി സുശക്തമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു. അവശസമൂഹ ത്തിൽപ്പെട്ടവരെ സമുദ്ധരിക്കുന്നതിലും അദ്ദേഹം അതീവശ്രദ്ധാലുവായിരുന്നു. തിരുമേനിയുടെ സഹായംകൊണ്ട് വിദ്യാഭ്യാസം പൂർത്തിയാക്കിയ പലരും അവ രുടെ തലമുറകളും അദ്ദേഹത്തെ അതീവ ഭക്തിയോടെയാണ് ഇപ്പോഴും സ്വീക രിച്ചിരിക്കുന്നത്. അങ്ങനെയുള്ള ചിലരെ ഭക്തർ ഈ ലേഖകൻ മെത്രാപ്പോ ലീത്തായായി മാറിയപ്പോൾ പ. ഗീവർഗ്ഗീസ് ദ്വിതീയൻ ബാവായുടെ സ്മരണ യിൽ ഒരു സ്ഥാപനം കുണ്ടറയിൽ ഉണ്ടാകണമെന്നു നിർബന്ധിച്ചതിന്റെ വെളി ച്ചത്തിലാണ് ഇപ്പോൾ കുണ്ടറയിലുള്ള 'ബസ്സീലിയാ' ഓർത്തഡോക്സ് സെന്റർ സ്ഥാപിതമായത്.

മലങ്കരയിലെ കാതോലിക്കേറ്റിന്റെ പ്രസക്തിയെ കീർത്തിക്കും വിധം 'കാതോലിക്കേറ്റ്' എന്ന നാ മോധയത്തിൽ ഒരു കോളേജ് പത്തനംതിട്ടയിൽ സ്ഥാപിക്കാൻ ഇടയായതും ഈ പുണ്യപിതാവിന്റെ ക്രാന്തദർശനത്തിന്റെ ഫല മാണ്. കൂടാതെ എം.ഡി സെമിനാരിയിൽ നടത്തികൊണ്ടിരുന്ന വൈദിക സെമി നാരി അതിന്റെ പൂർവ്വസ്ഥാനമായ പഴയ സെമിനാരിയിലേയ്ക്ക് മാറ്റുകയും, സഭ വകയായുള്ള എല്ലാ വിദ്യാലയങ്ങളും ചേർത്ത് ഒരു കോർപ്പറേറ്റ് മാനേജ് മെന്റ് രൂപപ്പെടുത്തുകയും സമൂഹത്തിലുള്ള എല്ലാ വിഭാഗത്തിൽ പെട്ടവർക്കും വിദ്യാഭ്യാസം സാധ്യമാകുംവിധം അവ പ്രവർത്തിക്കാൻ അനുവദിക്കുകയും ചെയ്തു. പുത്തൻകാവ് മെട്രോപോലീത്തൻ ഹൈസ്കൂൾ, കുന്നംകുളം എം.ജെ.ഡി ഹൈസ്കൂൾ തുടങ്ങിയവയുടെ സ്ഥാപനത്തിന് പിന്നിലും ഗീവർ ഗീസ് ദ്വിതീയൻ ബാവയുടെ നേതൃത്വ ബലം ഉണ്ടായിരുന്നു. ഓർത്തഡോക്സ് സഭയുടെ ആസ്ഥാനനഗരിയായ കോട്ടയം പട്ടണത്തിൽ മലങ്കരസഭയ്ക്ക് സ്വന്തമായി ഒരു കോളജ് ഉണ്ടാവണം എന്നുള്ളത് പരിശുദ്ധ ബാവാ

തിരുമേനിയുടെ ആഗ്രഹം ആയിരുന്നു എങ്കിലും അതിന്റെ ആരംഭത്തിനു മുമ്പായി അദ്ദേഹം ഇവിടെ നിന്നും യാത്രായായി. എന്നാൽ കാലം സാക്ഷിയായി ആ കലാലയം ആരംഭം കുറിക്കുകയും അത് വളർന്നു കാണാൻ ആര് ആഗ്രഹിച്ചുവോ ആ പുണ്യതാതന്റെ നാമം തന്നെ അതിനായി നൽകി. അതാണ് കോട്ടയം 'ബസ്സേലിയോസ്' കോളജ്.

സ്വാതന്ത്ര്യ ദർശനം

1929-ൽ പൗരസ്ത്യ കാതോലിക്കാ ആയി അവരോ ധിക്കപ്പെട്ടതുമുതൽ 1956 വരെ പ. പിതാവ് സധൈര്യം അഗ്നിപരീക്ഷണങ്ങളെ നേരിട്ടു. കോട്ടയം ജില്ലാ കോടതിയിൽ ആരംഭിച്ച് ഇന്ത്യയുടെ അത്യുന്നതനീതിപീഠമായ സുപ്രീം കോടതിയുടെ കോൺസ്റ്റിറ്റിയൂഷൻ ബഞ്ചുവരെ നീണ്ടുനിന്ന വ്യവഹാരങ്ങളിൽ ഈ വീരപുരുഷന് പടപൊരുതേണ്ടിവന്നു. 1951-ൽ തിരുക്കൊച്ചി ഹൈക്കോടതിയിൽ നിന്ന് മലങ്കരസഭയുടെ നിലനി ൽപ്പിനെ ചോദ്യം ചെയ്തുകൊണ്ടുള്ള ഒരു വിധി പുറപ്പെടുവിച്ചപ്പോൾ സഭാ മക്കളെ ആശ്വസിപ്പിച്ചു കൊണ്ട് പ. പിതാവ് കൽക്കട്ടായിൽ നിന്ന് അയച്ച സന്ദേശം മലങ്കരസഭയുടെ ചരിത്രത്തിലെ ഒരു സുവർണ്ണ രേഖയാണ്: "വാത്സല്യമക്കളെ, ഇത് അവസാന വിധി അല്ല. ദുഃഖവെള്ളിയാഴ്ച ക്രൂശിച്ച സത്യം ഞായറാഴ്ച ഉയിർത്തതുപോലെ അവസാനം സത്യം ജയിക്കും. എല്ലാവരും ധൈര്യമായിരിക്കുക. ദൈവാശ്രയത്തോടുകൂടി മുന്നോട്ടു പോവുക. ചെറിയ ആട്ടിൻകൂട്ടമേ ഭയപ്പെടേണ്ട". പരാജയത്തിൽ വിജയം ദർശിക്കുകയും അതു പ്രത്യാശയോടെ പ്രവചിക്കുകയും ചെയ്ത പിതാവ് കൊട്ടാരക്കരയിൽനിന്ന് കോട്ടയത്തേക്ക് എത്തിയത് അത്യുജ്ജ്വല വരവേൽപ്പോടെയാണ്. തുടർന്ന്, കോട്ടയം എം.ഡി. സെമിനാരിയിലെ മൈതാനത്തിൽ കൂടിയ വൈദികരുൾപ്പെടെയുള്ള വിശ്വാസിസാഗരം ഒരു വിശ്വാസ പ്രതിജ്ഞ ഏകസ്വരത്തിൽ പ്രഖ്യാപിച്ചു. ''മാർത്തോമ്മാ ശ്ലീഹായുടെ പൗരസ്ത്യ കാതോലിക്കാ സിംഹാസനത്തിൻകീഴ് ഞങ്ങളും ഞങ്ങളുടെ സന്താന പരമ്പരകളും ലോകാവസാനത്തോളം ഭക്തിപൂർവ്വം നിലകൊള്ളുന്നതാണെന്ന് ദൈവതിരുമുമ്പാകെ പ്രതിജ്ഞ ചെയ്തുകൊള്ളുന്നു. കാതോലിക്കാ സിംഹാസനത്തിന്റെ താഴ്ച നമ്മുടെ താഴ്ച; കാതോലിക്കാ സിംഹാസനത്തിന്റെ ഉയർച്ച നമ്മുടെ ഉയർച്ച. കാതോ ലിക്കാ സിംഹാസനത്തിന്റെ ശ്രേയസ് നമ്മുടെ ശ്രേയസ്. ആകയാൽ ബാലസിംഹങ്ങളെ! നമുക്കെഴുന്നേറ്റു നമ്മുടെ സഭയെ പണിയാം; ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് നമുക്ക് പണിയാം."

പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ പ്രവചന രൂപത്തിലുള്ള പ്രാർത്ഥനാ സന്ദേശവും ദൈവജനത്തിന്റെ പ്രതിജ്ഞയും ദൈവം കേട്ടു. 1958-ൽ ബഹു. സുപ്രീംകോടതിയുടെ അഞ്ചംഗ ബഞ്ച് മലങ്കരസഭയുടെ 1934-ലെ ഭരണഘടനയുടെ സാധുത പ്രഖ്യാപിച്ചുകൊണ്ട് സഭയുടെ അസ്തിത്വം ഉറപ്പിച്ചു. പ. പിതാവിന്റെ പ്രവചനത്തിന്റെ നിവർത്തിയാണിത്. ദൈവജനം പ. പി താവിന്റെ കീഴിൽ നിന്ന് നടത്തിയ ദൈവിക പ്രതിജ്ഞയുടെ അനുഗ്രഹസാഫല്യമാണിത്. പ. ബാവാതിരുമേനി ഈ വിജയത്തെ വിനയത്തോടെ സ്വീകരിച്ചു. വിഘടിത വിഭാഗം സ്വന്തരക്തത്തിലുള്ളവരാണെന്ന ബോധ്യത്തിൽ ബഹു. സുപ്രീം കോടതി അവർക്ക് വിധിച്ച പിഴ തുക വേണ്ട എന്നു പ്രഖ്യാപിച്ചു. 1958 ഡിസംബർ 16-ന് 1934-ലെ മലങ്കരസഭാ ഭരണഘടനയ്ക്കു വിധേയമായി പ. അന്ത്യോക്യാ പാത്രിയർക്കീസിനെ സ്വീകരിച്ചുകൊണ്ട് സഭയിൽ സമാധാനവും ഐക്യവും ഉണ്ടാക്കി.

ചതിവും വഞ്ചനയും കൈമുതലാക്കിയ ചിലർ പ. അന്ത്യോഖ്യാ പാത്രിയർക്കീസിനോടു ചേർന്നു നടത്തിയ അന്തർനാടകങ്ങളുടെ ഫലമായി പ. ഔഗേൻ പ്രഥമൻ ബാവായുടെ ഭരണകാലഘട്ടത്തിൽ 1970-കളിൽ സഭയിൽ വീണ്ടും ഭിന്നത സൃഷ്ടിച്ചു. മലങ്കരയിലെ പള്ളികൾ കൈയ്യൂക്കുകൊണ്ടും അക്രമണ പരമ്പരകൾ കൊണ്ടും കയ്യേറിയതും നിയമം അനുസരിച്ചുപോകുന്ന സഭാമക്കളെ ദൈവാലയങ്ങളിൽ നിന്നും അടിച്ചു പുറത്താക്കിയതും മലങ്കരയിൽ വീണ്ടും ഭിന്നതകൾക്കും വ്യവഹാരങ്ങൾക്കും തുടക്കമിട്ടു. അതിന്റെ പരിണിത ഫലമാണ് 1995-ൽ സുപ്രീം കോടതിയിൽ നിന്ന് പുറപ്പെടുവിച്ച ന്യായവിധിയും 2017 ജൂലൈ 3-ന് ഉണ്ടായ സുപ്രധാന വിധിയും തുടർ വിധിന്യായങ്ങളുമെല്ലാം. സ്വാതന്ത്ര്യത്തിനായി അദ്ദേഹം തുടക്കം കുറിച്ച കാര്യങ്ങൾ, പ്രത്യേകാൽ മലങ്കര സഭ ഇന്നും ഭരണഘടനാപരമായി ഇത്രമാത്രം കൃത്യമായും വ്യക്തമായും അച്ചടക്കത്തോടെ നിലകൊള്ളുമ്പോൾ പരിശുദ്ധ പിതാവ് പ്രാബല്യത്തിൽ വരുത്തിയ 1934-ലെ ഭരണഘടനയും അദ്ദേഹം പ്രസ്താവിച്ച മൊഴികളുമൊക്കെ എത്രയോ ദർശനാത്മകമായിരുന്നു എന്ന് നാം ഓർക്കണം. പ. പിതാവിന്റെ പ്രാർത്ഥന നമുക്ക് കോട്ടയായിരിക്കട്ടെ.

❑



തിരുവനന്തപുരം സെന്റ് തോമസ് ഫെലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ നടന്ന ക്രിസ്തുമസ് - പുതുവർഷ സംഗമം.



ഓർത്തഡോസ് ക്രൈസ്തവ യുവജനപ്രസ്ഥാനം യു.എ.ഇ. മേഖലയുടെ 2024 വർഷത്തെ പ്രവർത്തന ഉദ്ഘാടനം, റാസൽ ഖൈമ സെന്റ് മേരിസ് ഓർത്തഡോക്സ് പള്ളിയിൽ വെച്ച് സുൽത്താൻബത്തേരി ഭദ്രാസന മെത്രാപ്പോലീത്താ ഡോ. ഗീവർഗീസ് മാർ ബർണബാസ് നിർവഹിച്ചു.




കോയമ്പത്തൂർ, ശരവണംപട്ടി, സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് ഓർത്തഡോക്സ് പള്ളിയിൽ യൂഹാനോൻ മാംദാനയുടെ ഓർമ്മപെരുന്നാൾ ശുശ്രൂഷകൾക്ക് ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് മുഖ്യകാർമികത്വം വഹിച്ചു.



സുൽത്താൻബത്തേരി സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ ഏർപ്പെടുത്തിയ ഫാദർ മത്തായി നൂറനാൽ മെമ്മോറിയൽ പുരസ്കാരം മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിക്ക് മരണാനന്തര ബഹുമതിയായി നൽകിയപ്പോൾ മകൾ മറിയം ഉമ്മൻ ഏറ്റുവാങ്ങി.

ലേഖനം

“നിനുവയിലെന്നോണം ഞങ്ങളിലലിയണമേ വിമുഖത പാപികളാമിവരിൽ കാട്ടീടരുതേ”



ഫിലിപ്പോസ് റമ്പാൻ

(ജ്യോതിസ് ആശ്രമം, അബു റോഡ്, രാജസ്ഥാൻ)

അനുതാപത്തിന്റെ ശ്രേഷ്ഠമായ മാതൃക നമുക്ക് മുമ്പാകെ വരച്ച് കാണിച്ചുകൊണ്ട് വീണ്ടും ഒരു നോമ്പ്കാലം കൂടെ സമാഗതമായിരിക്കുന്നു. കാനോനികമായി സഭ അംഗീകരിച്ചിരിക്കുന്നത് 5 നോമ്പുകളാണല്ലോ. (1) കർത്താവിന്റെ ജനനപ്പെരുന്നാളിനോടനുബന്ധിച്ച് യൽദോ നോമ്പ്, (2) നമ്മുടെ കർത്താവിന്റെ കഷ്ടാനുഭവവും, മരണവും, ഉയർപ്പും അനുബന്ധിച്ച് വലിയ നോമ്പ്, (3) വി. കന്യകമറിയാമിന്റെ വാങ്ങിപ്പിനോടനുബന്ധിച്ച് ശൂനോയോനോമ്പ്, (4) ശ്ലീഹന്മാരെ ഓർത്ത് ശ്ലീഹാ നോമ്പ്, (5) ഏറ്റവും ചെറിയ നോമ്പായിരിക്കുന്ന നിനവെ നോമ്പ്. ഇവ കൂടാതെ ബുധൻ, വെള്ളി ദിവസങ്ങളിൽ നോമ്പു ദിനമായി ആചരിച്ചു വരുന്നു. ഇതിൽ വലിയ നോമ്പും, നിനവേ നോമ്പും അനുതാപത്തിന്റെ നോമ്പുകളായി കണക്കാക്കുന്നു. ഈ നോമ്പു കാലഘട്ടത്തിലെ പ്രാർത്ഥനകളും ഗീതങ്ങളും എല്ലാം നമ്മെ കൂടുതൽ അനുതാപത്തിലേക്ക് നയിക്കുന്നു. ഈ നോമ്പിൽ 40 കുമ്പിടീൽ, ഉപവാസം-യാമപ്രാർത്ഥനകൾ എന്നിവ ഏറ്റവും പ്രാധാന്യമുള്ള കാര്യങ്ങളാണ്.

ഉപവാസം, കുമ്പിടീൽ ഇവ നമ്മുടെ ശരീരത്തെയും ശരീരത്തിന്റെ ആസക്തികകളെയും നിയന്ത്രിക്കാനും തന്മൂലം നമ്മുടെ മനസിനെയും ചിന്തകളെയും നിയന്ത്രിക്കുവാൻ സാധിക്കുന്നു. നാം എങ്ങനെ ഉപവസിക്കണം എന്ന് യോവേൽ പ്രവാചകൻ പറയുന്നു.


“എന്നാൽ ഇപ്പോഴെങ്കിലും നിങ്ങൾ പൂർണ്ണ ഹൃദയത്തോടും ഉപവാസത്തോടും കൂടെ എങ്കലേക്ക് തിരിവിൻ എന്ന് യഹോവയുടെ അരുളപ്പാട്. വസ്ത്രങ്ങളെയല്ല ഹൃദയങ്ങളെ തന്നെ കീറി നിങ്ങളുടെ ദൈവമായ യഹോവയുടെ അടുക്കലേക്ക് തിരിവിൻ” (യോവേൽ. 2:12-13). വീണ്ടും യെശയ്യാ പ്രവാചകന്റെ പുസ്തകത്തിൽ നാം ഇപ്രകാരം വായിക്കുന്നു: “ഇതല്ലോ എനിക്ക് ഇഷ്ടമുള്ള ഉപവാസം. വിശപ്പുള്ളവനു നിന്റെ അപ്പം നുറുക്കി കൊടുക്കുന്നതും, അലഞ്ഞു നടക്കുന്ന സാധുക്കളെ നിന്റെ വീട്ടിൽ ചേർത്തുകൊള്ളുന്നതും നഗ്നനെ കണ്ടാൽ അവനെ ഉടുപ്പിക്കുന്നതും” (യെശയ്യാവ്. 58:7).

വലിയനോമ്പിലെ വ്യാഴാഴ്ച ഒമ്പതാം മണി നമസ്കാരത്തിലെ ബോവൂസായിൽ ഇപ്രകാരം കാണുന്നു-‘-ഉപവാസക്കാരനായ നീ ദരിദ്രനെ വിളിച്ച് അവനു ഭക്ഷണം കൊടുക്കണം. അവനിങ്ങോട്ടു വന്നിട്ടല്ല. എന്നാലോ നീ അവന്റെ പിന്നാലെ ചെന്ന് അവന്റെ ഉദരത്തെ നിറയ്ക്കുകയാകുന്നു വേണ്ടത്. നിങ്ങൾ കൃഷിക്കാരുടെ പിന്നാലെ പോയിട്ടല്ല. എന്നാലോ കൃഷിക്കാർ തന്നെ വിത്തിനെ വഹിച്ചുകൊണ്ട് വിതക്കുവാൻ നിലങ്ങളിലേക്ക് പുറപ്പെടുകയത്രെ ചെയ്യുന്നത്.” ആയതിനാൽ നമ്മുടെ നോമ്പിലെ ഉപവാസം ആവശ്യക്കാരനെ നാം കണ്ടുപിടിച്ച് അവനെ അങ്ങോട്ടു ചെന്ന് സഹായിക്കുവാനുള്ള അവസരമായി കാണണം.

മോശയും ഏലിയാവും ഉപവസിക്കുന്നു

വി. വേദപുസ്തകം ആദിയോടന്തം നാം പരിശോധിക്കുകയാണെങ്കിൽ വ്യക്തികളായും സമൂഹമായും പലരുടെയും നോമ്പനുഷ്ഠാനത്തിന്റെ മാതൃകകൾ നമുക്ക് കാണുവാൻ കഴിയും. പഴയനിയമത്തിൽ മോശയുടെയും, ഏലിയാവിന്റെയും, എസ്ഥേർ രാജ്ഞിയുടെയും, ദാനിയേലിന്റെ സമയത്ത് ദാര്യാവേശ് രാജാവിന്റെയും, നിനവെക്കാരുടെയും നോമ്പനുഷ്ഠാനം നമുക്ക് കാണാൻ കഴിയും. മാർ അപ്രേമിന്റെ ബോവൂസായിൽ നാം ഇപ്രകാരം ചൊല്ലുന്നു:

“നാല്പതുനാളിനുപവാസം
മൂശകഴിച്ചേലീയാവും



നാഥൻ ശത്രുവിനെവെന്നു
നാല്പതുനാളുപവാസത്താൽ

മോശ നാല്പതു ദിവസം രാവും പകലും നോമ്പനുഷ്ഠിച്ച് സീനായ് പർവ്വതത്തിൽ കയറി യഹോവയായ ദൈവത്തിൽ നിന്നും കല്പനകൾ പ്രാപിക്കുന്നു. (പുറ. 24-32) ഏലിയാ പ്രവാചകനും ഉപവാസം അനുഷ്ഠിക്കുന്നു (1 രാജാ. 19:1-8) ആഹാബ് രാജാവിന്റെ ഭാര്യ ഇസബേൽ ഏലിയാവിനെ കൊല്ലുവാനായി പദ്ധതി ഇടുമ്പോൾ ഇസബേലിനെ പേടിച്ച് ഏലിയാവ് ജീവരക്ഷയ്ക്കായി ഓടിപ്പോകുന്നു. ഒരു ചൂരച്ചെടിയുടെ തണലിൽ ക്ഷീണിച്ചു കിടന്നുറങ്ങുമ്പോൾ ദൈവദൂതൻ വന്ന് ആഹാരവും വെള്ളവും നൽകി. ആ ആഹാരത്തിന്റെ ബലംകൊണ്ട് നാല്പതു രാവും നാല്പതും പകലും ദൈവത്തിന്റെ പർവ്വതമായ ഹോരേബോളം നടന്നു. നാല്പതു രാവും നാല്പതും പകലും ഉപവസിച്ച് മോശ ദൈവത്തിൽ നിന്നും ദൈവീക കല്പനകൾ പ്രാപിച്ചെങ്കിൽ

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ഏലിയാവ് നാല്പതു പകലും നാല്പതു രാവും ഉപവസിച്ച ആ ശക്തിയാൽ ദൈവപർവ്വതത്തിങ്കലേക്ക് എത്തിച്ചേരുന്നു.

ദാര്യാവേശ് രാജാവും എസ്ഥേർ രാജ്ഞിയും ഉപവസിക്കുന്നു

ദാര്യാവേശ് രാജാവിന്റെ സമയത്ത് ദേശം ഒക്കെയും ഭരിക്കേണ്ടതിന് നൂറ്റി ഇരുപത് പ്രധാന ദേശാധിപതികളെയും അവരുടെമേൽ മൂന്നു അദ്ധ്യക്ഷന്മാരെയും നിയമിക്കാൻ രാജാവ് ചിന്തിക്കുന്നു. മൂന്നു പേരിൽ ഒരാൾ ദാനിയേൽ ആയിരുന്നു. ഇവരിൽ മൂവരിൽ ദാനിയേൽ രാജാവിന് ഏറ്റവും പ്രിയപ്പെട്ടവൻ ആയിരുന്നു. തന്മൂലം ദേശാദിപതികളും മറ്റു രണ്ടു അദ്ധ്യക്ഷന്മാരും ദാനിയേലിനു എതിരായി കൂട്ടുകെട്ടുണ്ടാക്കി. രാജാവിനെ സ്വാധീനിച്ച് ഒരു കല്പന ഇറക്കിച്ചു. മുപ്പതു ദിവസത്തേക്കു രാജാവിനെ അല്ലാതെ ആരെയും ആരാധിക്കുവാൻ പാടില്ല. അങ്ങനെ ആരാധിക്കുന്നവനെ സിംഹങ്ങളുടെ ഗുഹയിൽ ഇട്ടുകളയും എന്നൊരു രാജനിയമം നിശ്ചയിക്കുകയും ചെയ്തു. കാരണം അവർക്ക് അറിയാം ദാനിയേലിനെതിരായി ദൈവത്തിന്റെ ന്യായപ്രമാണം സംബന്ധിച്ചല്ലാതെ മറ്റൊരു കുറ്റവും കണ്ടെത്തുവാൻ കഴിയുകയില്ല എന്ന്. എന്നാൽ ഈ കാര്യം ദാനിയേൽ അറിഞ്ഞപ്പോൾ അവൻ മുമ്പെ ചെയ്യുന്നതുപോലെ തന്നെ ദിവസം മൂന്നു പ്രാവശ്യം തന്റെ ദൈവത്തിന്റെ മുമ്പിൽ മുട്ടുകുത്തി പ്രാർത്ഥിക്കുന്നു. ഇതു കണ്ട തന്റെ എതിരാളികൾ ഈ വിവരം മനസ്സോടെ രാജാവിനെകൊണ്ട് ദാനിയേലിനെ സിംഹക്കുഴിയിൽ എറിയുവാൻ കല്പന പുറപ്പെടുവിക്കുന്നു. എന്നാൽ ഈ സമയം ദാര്യാവേശ് രാജാവ് താൻ സ്നേഹിച്ച ബഹുമാനിച്ച ദാനിയേലിനുവേണ്ടി ഉപവസിക്കുന്നു (ദാനിയേൽ. 6: 1–22).

അഹശ്വരേശ് രാജാവിന്റെ സമയത്ത് ഹാമാൻ സകല യഹൂദന്മാരെയും ആബാലവൃദ്ധം കുഞ്ഞുങ്ങളെയും സ്ത്രീകളെയും കൊന്നുമുടിക്കുകയും അവരുടെ വസ്തുവക കൊള്ളയടിക്കുകയും ചെയ്യണമെന്ന് പരസ്യം ചെയ്തു. രാജകല്പനയും തീർപ്പും ചെന്ന ഓരോ സംസ്ഥാനത്തും യഹൂദന്മാരുടെ ഇടയിൽ മഹാദുഃഖവും ഉപവാസവും കരച്ചിലും വിലാപവും ഉണ്ടായി. ഈ വിവരം മോർദ്ദേഖായി രാജകൊട്ടാരത്തിൽ കഴിയുന്ന എസ്ഥേറിനെ അറിയിക്കുകയും യഹൂദന്മാരെ രക്ഷിക്കുവാനായി നീ പ്രവർത്തിക്കണം എന്ന് മോർദ്ദേഖായി എസ്ഥേറിനോടാവശ്യപ്പെടുന്നു, എസ്ഥേർ രാജ്ഞി യഹൂദന്മാരെ രക്ഷിക്കുവാനുള്ള അപേക്ഷയുമായി രാജസന്നിധിയിലേക്കു പോകുമ്പോൾ എല്ലാ യഹൂദന്മാരും ഉപവസിച്ചു പ്രാർത്ഥിക്കുവാനായി എസ്ഥേർ ആവശ്യപ്പെടുന്നു. "നീ ചെന്ന് ശൂശനിൽ ഉള്ള എല്ലാ യഹൂദന്മാരെയും ഒന്നിച്ചുകൂട്ടി, നിങ്ങൾ മൂന്നു ദിവസം രാവും പകലും തിന്നുകയോ കുടിക്കുകയോ ചെയ്യാതെ എനിക്കു വേണ്ടി ഉപവസിപ്പിൻ, ഞാനും എന്റെ ബാല്യക്കാരിത്തികളും അങ്ങനെ തന്നെ ഉപവസിക്കും." അങ്ങനെ എസ്ഥേറിന്റെ നിർദേശപ്രകാരം യഹൂദന്മാർ എല്ലാം ഉപവസിച്ചതിലൂടെ അവർ വലിയ ശിക്ഷയിൽ നിന്നും രക്ഷിക്കപ്പെടുന്നു.

നിനവെക്കാരുടെ ഉപവാസം

പഴയനിയമത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഉപവാസം നിനവെക്കാരുടെ ഉപവാസം ആണ്. "നിനുവെ' പട്ടണത്തിനും അവരുടെ അനുതാപത്തിനും പൗരസ്ത്യ പാരമ്പര്യത്തിൽ സവിശേഷമായ സ്ഥാനമുണ്ട്. നമ്മുടെയെല്ലാം അരാധനയിൽ പല സന്ദർഭങ്ങളിലും അനുതാപത്തിന് ഒരു മാതൃകയായി 'നിനവെ' പട്ടണത്തെ പിതാക്കന്മാർ നൽകിയിരിക്കുന്നു. വി. വേദപുസ്തകത്തിൽ വളരെ ചെറിയ, കേവലം 4 അദ്ധ്യായങ്ങൾ മാത്രം ഉൾക്കൊള്ളുന്ന ഒരു പുസ്തകമാണ് യോനയുടെ പുസ്തകം. ഒരു പ്രവചന ഗ്രന്ഥം എന്നതിനപ്പുറമായി ഒരു പ്രവാചകന്റെയും പട്ടണത്തിന്റെയും ദൈവമുമ്പാകെയുള്ള അനുസരണക്കേടിന്റെയും അനുതാപത്തിന്റെയും വിവരണമാണ് യോനയുടെ പുസ്തകം നൽകുന്നത്. പരിശുദ്ധമായ നിനവെ നോമ്പിന്റെ നാളുകളിൽ കൂടെ നാം കടന്നു പോകുമ്പോൾ അൽപചിന്തകൾ ദൈവമുമ്പാകെ ധ്യാനിക്കാം എന്ന് പ്രത്യാശിക്കുന്നു.

നിനവെ പട്ടണത്തെ അനുതാപത്തിലേക്ക് വഴിനടത്തുവാൻ ദൈവത്താൽ നിയോഗിതനായ പ്രവാചകനാണ് യോന പ്രവാചകൻ. എന്നാൽ നിനവെയിൽ പോകാനുള്ള വിമുഖതയിൽ യോന കപ്പൽ കയറുന്നത് തർശീശിലേക്കാണ്. തർശീശ് പട്ടണം ഭൂമിശാസ്ത്രപരമായി നിനവെയുടെ എതിർദിശയിലാണ് സ്ഥിതിചെയ്യുന്നത്. ഒന്നാമതായി ദൈവനിയോഗങ്ങളിൽ നിന്നും പിന്തിരിഞ്ഞ് പോകുവാൻ ശ്രമിക്കുന്നവരാണോ നമ്മൾ? യോന പ്രവാചകന്റെ പുസ്തകം ഒന്നാം അദ്ധ്യായം വിവരിച്ചിരിക്കുന്നത് യോനക്ക് നൽകപ്പെടുന്ന ഈ നിയോ

നിയോഗങ്ങളെ തിരിച്ചറിഞ്ഞ് ദൈവവിളിക്ക് ക്രിയാത്മകമായ ഉത്തരം നൽകി, ജീവിതത്തിലെ പ്രതിസന്ധികളെ ആത്മശോധനയ്ക്കുള്ള അവസരങ്ങളായി കണ്ട് അവ വഴിയായി സത്യമായ കണ്ണുനീരും അനുതാപവും ദൈവമുമ്പാകെ സമർപ്പിപ്പാൻ നമുക്ക് സാധ്യമാകട്ടെ.

ഗവും അതിനോടുള്ള പ്രവാചകന്റെ വിമുഖതയും ആയതിനോടുള്ള ദൈവത്തിന്റെ പ്രതികരണവുമാണ്. എന്താണ് യോനയെ നിനവെയിലേക്ക് പോകുവാനായി സമ്മതിക്കാതിരുന്നത് എന്ന് ചിന്തിച്ചാൽ യിസ്രായേൽ ജനം അടിമത്തത്തിൽ ആയിരുന്ന ഒരു കാലഘട്ടമായിരുന്നു അത്. ആരുടെ അടിമത്തത്തിലാണോ തങ്ങൾ ആയിരിക്കുന്നത് അവരെ ദൈവത്തിലേക്ക് തിരികെ വരുത്തുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. എന്നാൽ നിനവെയുടെ നാശം യിസ്രായേലിന്റെ സ്വാതന്ത്ര്യത്തിലേക്ക് നയിക്കുമെന്നതും തീർച്ച. ഇവിടെയാണ് തന്റെ ദേശവാസികളുടെ പഴികൾ കേൾക്കുന്നതിനേക്കാൾ ദൈവനിയോഗത്തിൽ നിന്നും ഓടിയൊളിപ്പാൻ യോന തീരുമാനിക്കുന്നത്. എന്നാൽ ദൈവം ഒരുവനെ വിളിച്ചിട്ടുണ്ടെങ്കിൽ ആയതിന് വിപരീതമായി അവൻ പ്രവർത്തിച്ചാലും എത്ര അകലേക്ക് ദൈവതിരുമുമ്പിൽ നിന്നും ഓടിയകലുവാൻ ശ്രമിച്ചാലും അവിടുന്ന് നമ്മെ പിന്തുടരും എന്നതിന്റെ തെളിവാണ് യോനയുടെ ജീവിതം. പലപ്പോഴും ജീവിത പ്രതിസന്ധികളുടെ മുമ്പാകെ, ലോകത്തിന്റെ മോഹങ്ങൾക്ക് മുമ്പാകെ, സാമൂഹിക നിർബന്ധങ്ങൾക്ക് മുമ്പാകെയെല്ലാം ഭംഗപ്പെട്ട് നമ്മെ വിളിച്ചിരിക്കുന്ന നിയോഗങ്ങളെ, ചുമതലകളെ ബോധപൂർവ്വം വിസ്മരിപ്പാൻ നാം തയ്യാറാവുമ്പോൾ നമ്മുടെ ഹൃദയവിചാരങ്ങളും സകല ചലനങ്ങളും അറിയുന്ന ഒരു ദൈവത്തിന്റെ മുമ്പാകെയാണ് നാം നിൽക്കുന്നതെന്ന ബോധ്യം നമ്മെ ഭരിക്കണം. ഈ നോമ്പുകാലം ദൈവതിരുമുമ്പാകെ ശാന്തമായിരുന്ന് നമുക്ക് ചിന്തിക്കാം. എന്നെ വിളിച്ചിരിക്കുന്ന വിളിക്ക് യോഗ്യമായ ഫലങ്ങൾ പുറപ്പെടുവിപ്പാൻ എനിക്ക് സാധ്യമാകുന്നുണ്ടോ എന്ന്. തിരുത്തലുകൾ വേണ്ടിടത്ത് അനുയോജ്യമായ തിരുത്തലുകൾ സ്വീകരിപ്പാൻ നാം തയ്യാറാകണം.

രണ്ടാമതായി ദൈവനിശ്ചയത്തെപോലും മാറ്റിയെഴുതാൻ സാധ്യമായ മഹാ അനുതാപം. നിനവെയുടെ നാശം അത് സുനിശ്ചിതമായിരുന്നു. നോഹിന്റെ കാലത്തെ ജലപ്രളയവും സോദോം ഗോമോറെയുടെ നാശവുമെല്ലാം ദൈവകോപത്തിന്റെ പരിണിതഫലമായ സർവ്വനാശത്തിന്റെ ഏതാനും ഉദാഹരണങ്ങൾ. അപ്രകാരം ചരിത്രത്തിന്റെ ഏടുകളിൽ രേഖപ്പെടാമായിരുന്ന ഒന്നായിരുന്നു നിനവെ പട്ടണത്തിന്റെ നാശവും. എന്നാൽ സത്യമായ അനുതാപവും, തീക്ഷ്ണമായ നോമ്പും, ഉപവാസവും, കണ്ണുനീർ ഒഴുക്കിയ പ്രാർത്ഥനയും സർവ്വസൃഷ്ടിജാലവും ഒന്നായി ദൈവമുമ്പാകെ സമർപ്പിച്ചപ്പോൾ കോപം പിതൃതുല്യമായ സ്നേഹത്തിനും ശിക്ഷ ശാന്തമായ തലോടലിനും വഴിമാറി. 40 ദിവസം പൂർത്തിയാകുമ്പോൾ നിനുവ പട്ടണം നശിക്കും എന്ന സന്ദേശമാണ് യോന പ്രവാചകൻ നൽകുന്നത്. എന്നാൽ ആ നാശം ദൈവമുമ്പാകെ കഴിക്കുന്ന പ്രാർത്ഥനയാലും നോമ്പുപവാസത്താലും നീങ്ങിപ്പോകും എന്നത് ആ ദേശനിവാസികളുടെ ശക്തമായ വിശ്വാസമായിരുന്നു. രാജാവ് മുതൽ കുഞ്ഞു പൈതൽ വരെ ആബാലവൃദ്ധം ജനങ്ങളും ആ വിശ്വാസത്തിൽ ഉറപ്പുള്ളവരായിരുന്നു. ആ വിശ്വാസധൈര്യവും ശരിയായ അനുതാപവും ആണ് അവരെ നാശത്തിൽ നിന്നും രക്ഷയിലേക്ക് നയിച്ചത്. ഇന്ന് അനുതാപത്തിന് ഏറ്റവും യോഗ്യമായ ഉദാഹരണമായി നിനവെ മാറിയതും അതിനാൽ തന്നെ. നമ്മുടെ പ്രാർത്ഥനകളിൽ പിതാക്കന്മാർ ആവർത്തിച്ച് ഓർമ്മപ്പെടുത്തുന്ന ഒരു പ്രാർത്ഥനയാണ് 'സത്യഅനുതാപമുള്ളവരായിരിപ്പാൻ ഞങ്ങളെ അനുഗ്രഹിക്കണമെ' എന്നുള്ളത്. വി. കുമ്പസാരത്തിന്റെയും വി. കുർബാനയുടെയും നോമ്പിന്റെയും അനുഭവത്തിൽ പലകുറി കടന്നുപോയിട്ടും നമ്മുടെ ജീവിത ചെയ്തികളിൽ കാര്യമായ വ്യതിചലനങ്ങൾ സംഭവിക്കുന്നില്ലെങ്കിൽ അവയെല്ലാം വ്യർത്ഥമാണ്. സത്യമായ അനുതാപമുള്ളവരായിരിപ്പാൻ നമുക്ക് കഴിയണം. നിയോഗങ്ങളെ തിരിച്ചറിഞ്ഞ് ദൈവവിളിക്ക് ക്രിയാത്മകമായ ഉത്തരം നൽകി, ജീവിതത്തിലെ പ്രതിസന്ധികളെ ആത്മശോധനയ്ക്കുള്ള അവസരങ്ങളായി കണ്ട് അവ വഴിയായി സത്യമായ കണ്ണുനീരും അനുതാപവും ദൈവമുമ്പാകെ സമർപ്പിപ്പാൻ നമുക്ക് സാധ്യമാകട്ടെ. നമുക്ക് പ്രാർത്ഥിക്കാം... 'നിനുവയിലെ നോമ്പിനാൽ ഞങ്ങളിലലിയണമെ. വിമുഖത പാപികളാമിവരിൽ കാട്ടീടരുതെ. അനുപടയോനെ നിൻ വാതിലടച്ചെന്നാൽ മുട്ടിവിളിപ്പാനില്ലയ്യോ മറ്റൊരു വാതിൽ.' ഈ മൂന്നു നോമ്പിലൂടെ കൂടുതൽ ദൈവകൃപകളെ പ്രാപിപ്പാൻ നമുക്കേവർക്കും സാധിക്കട്ടെ. ❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ചരിത്ര നോവൽ

അഞ്ചാം മാർത്തോമ്മായുടെ പീഡാനുഭവം അഥവാ ഡച്ചുകാരുടെ പന്തീരായിരം

ചിത്രമെഴുത്തു കെ. എം. വറുഗീസ്

IV

ഇതിനിടയ്ക്കു ഒരു അനുകൂല സന്ദർഭം കണ്ട് കോതമംഗലം ചെറിയപള്ളിയിലും വലിയപള്ളിയിലും ഇരുഭാഗം മെത്രാന്മാരും എത്തിക്കൂടി ഒരു സന്ധിസംഭാഷണം നടത്തി. അഞ്ചാം മാർത്തോമ്മായും തൽപക്ഷക്കാരും ഇച്ഛാഭംഗത്തോടെ പിന്തിരിയേണ്ടി വന്നു. സഭയിൽ സമാധാനം നശിച്ചു. തങ്ങളുടെ പിമ്പിൽ ഒരു ജനസമൂഹവും വ്യവഹാരചെലവിലേക്ക് ലോഭം കൂടാതെ വ്യയം ചെയ്വാൻ പള്ളിപ്പണവും ഉണ്ട് എന്ന് ഉറപ്പുണ്ടായതോടെ ആഗ്രഹം നിറവേറ്റുന്നതിലേക്ക് തങ്ങളുടെ കൂടെ ഉണ്ടായിരുന്ന യോഹന്നാൻ റമ്പാനെ മലങ്കര മെത്രാപ്പോലീത്താ ആയി ബസേലിയോസും ഗ്രീഗോറിയോസും കൂടെ വാഴിച്ചു. തെക്കർ അഞ്ചാം മാർത്തോമ്മായെയും വടക്കർ പുതിയ മെത്രാനെയും സ്വീകരിച്ച് രണ്ടുകൂട്ടരും നേരിട്ടു യുദ്ധരംഗത്തിറങ്ങി. ബഹളവുമായി. സഭയിലെ കുഴപ്പങ്ങളും കലഹങ്ങളുമൊന്നും ഡച്ചുകാർക്കു അറിയേണ്ട ആവശ്യം ഇല്ലായിരുന്നു. അവർക്കു രൂപാ പന്തീരായിരവും രൊക്കം കിട്ടണമെന്നേ ഉദ്ദേശ്യമുണ്ടായിരുന്നുള്ളു. അഞ്ചാം മാർത്തോമ്മായിൽ നിന്നു രൂപാ പന്തീരായിരവും ഈടാക്കി കൊടുപ്പാനായി ഡച്ചുകാർ തിരുവിതാംകൂർ മഹാരാജാവിന്റെ സന്നിധിയിൽ അപേക്ഷയും സമർപ്പിച്ചു. കാര്യം കൂനിന്മേൽ കുരുവായി. ഇതിനിടയ്ക്ക് ഡച്ചുകാരും വീരമാർത്താണ്ഡവർമ്മ മഹാരാജാവുമായി രാജ്യഭരണസംബന്ധമായി ഉടമ്പടി ചെയ്യുന്നതിലേക്ക് ഫലപ്രദമായ ആലോചനകൾ നടന്നുകൊണ്ടിരിക്കുകയായിരുന്നു. ഉടമ്പടി സ്ഥിരപ്പെടുത്തി ഒപ്പുവയ്ക്കുവാൻ വേണ്ടി മഹാരാജാവ് മാവേലിക്കര എഴുന്നെള്ളി. ഇതു തന്നെ പറ്റിയ അവസരം എന്നു കരുതി പരദേശമെത്രാന്മാർ കായങ്കുളത്തെത്തി പോക്കുമൂസാ മരയ്ക്കാർ എന്ന രാജസേവകനായ മഹമ്മദീയ പ്രഭുവിനെ സമാശ്രയിച്ചു ഡച്ചു കമ്പനിയിൽ നിന്നു പന്തീരായിരം രൂപായുടെ വിധിക്കടം മേഡോർ വാങ്ങുവാൻ അദ്ദേഹത്തെ ഉത്സാഹിപ്പിച്ചു. കൊട്ടാരക്കര കൊച്ചിട്ടിത്തരകൻ എന്ന ഒരാളായിരുന്നു ഈ കാര്യത്തിൽ മുന്നിട്ടു നിന്നു പ്രവർത്തിച്ചത്. പോക്കുമൂസാ മരയ്ക്കാരും ഡച്ചു കമ്പനിയുമായി മറ്റു പല ഇടപാടുകൾ ഉണ്ടായിരുന്നു. കമ്പനിക്കാരുടെ വിധിക്കടം വിലപിടിക്കുന്നതിനായി അറബിമെത്രാന്മാരും മറ്റു ചില പ്രമാണികളും കൂടി തിരുവിതാംകൂറിലും കൊച്ചിയിലും ജാതിമതവ്യത്യാസം കൂടാതെ പല പ്രബലന്മാരെയും സമീപിച്ചതാണ്. ആർക്കുംതന്നെ അതിനു മനസ്സും ധൈര്യവുമുണ്ടായില്ല. മരയ്ക്കാർ മാത്രമെ അതിന് മനസ്സ് വച്ചുള്ളു. ജനത്തെ ഭിന്നിപ്പിച്ചു രണ്ടു തട്ടുകളിലായി നിർത്തിയിരിക്കുന്നതുകൊണ്ടും അഞ്ചാം മാർത്തോമ്മായോടു വാസ്തവത്തിൽ അനുഭാവമുള്ളവരെന്ന് സംശയിക്കപ്പെടുന്ന ചില വടക്കൻ വൈദീകന്മാരെ "അംശം മുടക്കു"മെന്ന് പറഞ്ഞു ഭയപ്പെടുത്തിയിരുന്നു (പരദേശത്തെ മുടക്കു മതകർമ്മാനുഷ്ഠാനങ്ങളിൽ നിന്നു നിരോധിക്ക മാത്രമാണ്. എന്നാൽ കേരളത്തിൽ അവ തീയും വെള്ളവും അലക്കും ക്ഷൗരവും സഹകരണവും നിഷേധിച്ചതായ നിലയിൽ സാമുദായിക മൃതി സംഭവിപ്പിക്കയാണ്). പന്തീരായിരം രൂപയ്ക്കു പകരം പന്തീരായിരം കാശുപോലും പിരിയുന്നതല്ലെന്നും വിധിക്കടം തീർപ്പാൻ നിവൃത്തിയില്ലാത്ത നിലയിൽ അഞ്ചാം മാർത്തോമ്മായെ ബന്ധനത്തിൽ പാർപ്പിക്കുന്നപക്ഷം (ഡച്ചുകാരുടെ അന്നത്തെ പ്രധാന ജയിൽ ഇന്ത്യയുടെ ഡച്ചു തലസ്ഥാനമായ ബറ്റേവിയായിലെ കത്തേൽ കോട്ടയിലായിരുന്നു) മലങ്കര സഭാഭരണം തങ്ങളുടെ കൈവശം വന്നുചേരുമെന്നും പുതിയ മലങ്കര മെത്രാൻ നേരത്തെ തന്നെ കണ്ടിരുന്നു. മാർത്താണ്ഡവർമ്മ മഹാരാജാവ് ഇതിനിടയ്ക്ക് ഡച്ചുകാരുമായി കേന്ത്രാത്തു (കണ്ട്റാക്ട് ഉടമ്പടി) പൂർത്തിയാക്കി. അതിൽ ഇരുപക്ഷത്തു നിന്നും ഒളിച്ചോടിപ്പോകുന്നവരെ അന്യോന്യം പിടിച്ചേൽപ്പിക്കണമെന്നു വ്യവസ്ഥയുമുണ്ടായിരുന്നു (വകുപ്പ് 10-11). കൊല്ലവർഷം 930-ൽ മാർത്താണ്ഡവർമ്മ



മഹാരാജാവ് കൊച്ചിരാജ്യവുമായി സന്ധിചെയ്യുന്നതിലേക്കു മാവേലിക്കര എഴുന്നെള്ളിയിരുന്ന സന്ദർഭത്തിൽ അഞ്ചാം മാർത്തോമ്മായെ കോട്ടയ്ക്കകത്തു വരുത്തി വിധികാര്യത്തെപ്പറ്റി സംസാരിക്കുകയും പണം അടച്ചു തീർപ്പാൻ രണ്ടായിരം രൂപാ താമസപ്പിഴ കൂട്ടി 14000 രൂപായ്ക്ക് ഒരു ദീർഘകാലാവധി നൽകുകയും ചെയ്തു. 932 അവസാനത്തോടുകൂടി കാലാവധി അവസാനിച്ചു എന്നാണ് വിചാരിക്കേണ്ടത്. ക്ലിപ്തകാലത്തിനുള്ളിൽ പണം അടയ്ക്കായ്കയാൽ 933 ആരംഭത്തോടുകൂടി മാർത്താണ്ഡവർമ്മ മഹാരാജാവ് വാറണ്ടു അനുവദിച്ചു. അതനുസരിച്ചു സർക്കാർ ആളുകളും പോക്കുമൂസാ മരയ്ക്കാരും സന്നാഹം കൂട്ടി മെത്രാപ്പോലീത്തായെ വാറണ്ടിൽ പിടിച്ചു കൊച്ചിയിൽ ലന്ത



ക്കോട്ടയിലേക്കു കൊണ്ടുപോകുന്നതിനായി മാവേലിക്കര പുതിയകാവു പള്ളിയിൽ എത്തിച്ചേർന്നു. മരക്കാർ മെത്രാപ്പോലീത്തായെ വാറണ്ടിൽ പിടിക്കുന്നതിനുള്ള രാജകീയാനുമതി അദ്ദേഹത്തെ കാണിച്ച ക്ഷണത്തിൽ അഞ്ചാം മാർത്തോമ്മായുടെ ഇരുപാർശ്വങ്ങളിലും സദാ മെയ്കാവൽ ചെയ്തിരുന്ന (അംഗരക്ഷക) ഭടന്മാർ പന്ത്രണ്ടുപേരും രാജകൽപനയെ മാനിപ്പാനായി തങ്ങൾ പിൻമാറുന്നവിധം തൊപ്പിയും പരിചയും നിലത്തു വച്ചിട്ടു പന്ത്രണ്ടു ഉടവാളുകളും തലകീഴായി മുന നിലത്തുകുത്തി തല കുനിച്ചു നിന്നു. അന്ന് പുതിയകാവ്, തഴക്കര, മറ്റം കമ്പോളങ്ങളിൽ കൂട്ടം നിലവിളിയായിരുന്നു. നിരണം, ചെങ്ങന്നൂർ, വെൺമണി, കായംകുളം, കാർത്തികപ്പള്ളി മുതലായ സ്ഥലങ്ങളിൽ നിന്ന് അനേകായിരം ജനങ്ങൾ മാവേലിക്കര എത്തിച്ചേർന്നു. തങ്ങളുടെ സർവ്വ സംപൂജ്യനായ വൃദ്ധതാത പുരോഹിതന്റെ തൃക്കൈ മുത്തിപ്പിരിയുന്നതിലേക്ക് ജനസമൂഹത്തിന് അഞ്ചു ദിവസം വേണ്ടിവന്നുവെന്നാണ് കേട്ടിട്ടുള്ളത്. പലർ അദ്ദേഹത്തിന്റെ തൃപ്പാദങ്ങളിൽ സാഷ്ടാംഗം വീണു കണ്ണുനീർ ചിന്തി ചുംബിച്ചു. അമ്മമാർ തങ്ങളുടെ ഓമനകുഞ്ഞുങ്ങളെ ആ ആചാര്യശ്രേഷ്ഠന്റെ അനുഗ്രഹസമൃദ്ധമായ കഴലിണകളിൽ മുത്തിച്ചെടുത്തു. യുവതികൾ പള്ളിമതിൽകെട്ടിനുള്ളിൽ മാറത്തടിച്ച് ഉച്ചത്തിൽ നിലവിളിച്ചു. പ്രമാണികൾ പൊട്ടിക്കരഞ്ഞു. വൈദികന്മാർ അദ്ദേഹത്തിന്റെ തിരുവാഴി കണ്ണുനീരാൽ നനച്ചു. വടിയിടിച്ചുവന്ന വയോവൃദ്ധന്മാർ അദ്ദേഹത്തിന്റെ വിശുദ്ധ ഹസ്തങ്ങൾ വിറയ്ക്കുന്ന ചുണ്ടുകൾ ചേർത്ത് വീണ്ടും വീണ്ടും ചുംബിച്ച് വിടവാങ്ങി.

V

അങ്ങനെ അഞ്ചാം മാർത്തോമ്മാ കൊച്ചിയിൽ ഡച്ചു കോട്ടയ്ക്കുള്ളിൽ പട്ടാളങ്ങളുടെ കാവലിൽ ബന്ധനത്തിൽ കഴിച്ചുകൂട്ടുകയാണ്. കുമുദവ (commandant) രാവട്ടെ, അദ്ദേഹത്തെ ബറ്റേവിയായിലേക്കയച്ച് ബന്ധനത്തിൽ പാർപ്പിക്കത്തക്കവണ്ണം ബറ്റേവിയായിലെ ഗവർണ്ണർ ജനറാളുമായി എഴുത്തുകുത്തു ചെയ്ത് മറുപടിക്ക് കാത്തിരിക്കുകയാണ്. ഈ സന്ദർഭത്തിലും ഒരു സന്ധിയാലോചന കോട്ടയ്ക്കു പുറത്തുവച്ച് ഇരുകക്ഷിയിലേയും പ്രമാണികൾ ചേർന്നു നടത്തി. ഫലമൊന്നുമുണ്ടായില്ല. അഞ്ചാം മാർത്തോമ്മാ ഇതിനിടയ്ക്ക് കറുത്ത കുപ്പായങ്ങളും മറ്റും തൈപ്പിച്ച് യാത്രയ്ക്ക് സന്നദ്ധനായി കപ്പലിന്റെ വരവുകാത്ത് കഠിന തപോനിഷ്ഠയോടുകൂടി കോട്ടയ്ക്കുള്ളിൽ ആറു മാസം കഴിച്ചുകൂട്ടി.

വിധിക്കടം കൊടുത്തു തന്നെ ബന്ധനത്തിൽ നിന്ന് മോചിപ്പിക്കുന്നതിനു സ്വപക്ഷത്തുള്ള ജനങ്ങൾ പ്രായേണ അശക്തന്മാരാണെന്നും അതിനാൽ തന്റെ ചരമശയ്യ ബറ്റേവിയായിലെ ബന്ധനാലയം തന്നെയാണെന്നും അദ്ദേഹം ദൃഢമായി വിശ്വസിച്ചു. കപ്പൽ കയറുന്നതിനു മുമ്പായി പിൻഗാമിയായി കരുതപ്പെട്ടിട്ടുള്ള അനന്തരവൻ കത്തനാരുടെ നവപൂജാർപ്പണത്തിൽ സംബന്ധിച്ച് മനസ്സമാധാനത്തോടു കൂടി ബറ്റേവിയായിലേക്ക് പോയാൽ കൊള്ളാമെന്ന് ആഗ്രഹിക്കുകയും ആയതിലേക്ക് അനുവാദത്തിനായി അദ്ദേഹം കുമുദോരിൽ അപേക്ഷിക്കുകയും ചെയ്തു. അതനുസരിച്ച് ഒരു കുപ്പിണി പട്ടാളങ്ങളുടെ ബന്തവസ്സിൽ മെത്രാപ്പോലീത്തായെ കടമറ്റത്തേക്കയയ്ക്കുകയും കുർബ്ബാന കഴിഞ്ഞ് സ്വന്തം കുടുംബാംഗങ്ങളുടെ കണ്ണുനീർ പ്രവാഹത്തിനിടയിൽ വിങ്ങിപ്പൊട്ടുന്ന ഹൃദയത്തോടുകൂടി അദ്ദേഹം കൊച്ചിയിലേക്കു മടങ്ങിപ്പോകയും ചെയ്തു.

മെത്രാപ്പോലീത്തായെ പിടിപാടിൽ കിട്ടിയതോടെ പ്രോട്ടസ്റ്റന്റു സഭാംഗങ്ങളായ ഡച്ചുകാരുടെ മതപ്രസക്തിക്ക് പൂർവ്വാധികം ഉണർവ്വ് കൊണ്ടു. മലങ്കര സുറിയാനി സഭയേയും അതിന്റെ മേലദ്ധ്യക്ഷനായ അഞ്ചാം മാർത്തോമ്മായേയും പ്രോട്ടസ്റ്റന്റു സഭയിൽ ലയിപ്പിക്കുന്നതിലേക്കു വളരെ കാലമായി അവർ ഭഗീരഥ പ്രയത്നം ചെയ്തു വരികയായിരുന്നു. കേരളത്തിൽ പ്രവേശിച്ചു ഇവിടത്തെ നാടുവാഴികളെ ഒന്നാകെ കിടുകിട വിറപ്പിക്കുമാറ് 1663-ൽ കൊച്ചീക്കോട്ടയിൽ വിജയ വൈജയന്തി ഉറപ്പിച്ചതു മുതൽ ഡച്ചുകാർ ഈ വിഷയത്തിൽ തുറുകണ്ണു വച്ചു തുടങ്ങിയതാണ്. തങ്ങളുടെ ജന്മശത്രുക്കളായ പോർട്ടുഗീസുകാരെ നിശ്ശേഷം തോൽപ്പിച്ച് കേരളത്തിൽ ഡച്ചുശക്തി സംസ്ഥാപനം ചെയ്‌വാൻ സൗകര്യം ലഭിച്ചതിന്റെ പരമരഹസ്യം പോർട്ടുഗീസുകാരോടും റോമൻ കത്തോലിക്കാ സഭയോടും മലങ്കര സുറിയാനി ക്രിസ്ത്യാനികൾക്കുണ്ടായിരുന്ന കഠിനവിദ്വേഷം ഒന്നു മാത്രമാണെന്നു ഡച്ചുകാർക്ക് ദൃഢബോധമുണ്ടായിരുന്നു. "ഫ്രാൻസിസ് ഡി. മെല്ലോയുടെ അഭിപ്രായത്തെ സാധൂകരിപ്പാൻ അദ്ദേഹം ഉപയോഗിച്ചിട്ടുള്ള ന്യായവാദങ്ങളിൽ നിന്ന് കൊച്ചി, കൊടുങ്ങല്ലൂർ, മലബാർ തീരത്തുള്ള അവരുടെ മറ്റു ആസ്ഥാനങ്ങൾ എന്നിവ പറങ്കികൾക്കു നഷ്ടപ്പെട്ടുപോയത് ആരു മുഖാന്തിരമാണെന്നു ഗ്രഹിപ്പാൻ പ്രയാസമില്ല. ജസ്യൂട്ട് പാതിരിമാർ സുറിയാനി ക്രിസ്ത്യാനികളെ റോമൻ കത്തോലിക്കാ സഭയിൽ നിന്നും ഈ സഭയോട് ആനുകൂല്യം പ്രദർശിപ്പിച്ച് എല്ലാവരിൽ നിന്നും പരിച്ഛേദം വേർപെടുത്താതിരുന്നുവെങ്കിൽ മേൽപറഞ്ഞ സ്ഥലങ്ങൾ കൈവശപ്പെടുത്താനുള്ള ഡട്ടുകാരുടെ പരിശ്രമം ഏറെക്കുറെ നിഷ്ഫലമായിട്ടെ പരിണമിക്കുമായിരുന്നുള്ളു. എന്തെന്നാൽ ഈ സ്ഥലങ്ങളുടെ സംരക്ഷണാർത്ഥം നിമിഷനേരത്തെ മുന്നറിവു കൊടുത്താൽ ആയുധപാണികളും ആയുധാഭ്യാസികളുമായ നാൽപതിനായിരം ഒന്നാന്തരം ഭടന്മാരെ ശേഖരിച്ചുകൊടുപ്പാൻ സുറിയാനി ക്രിസ്ത്യാനികൾക്കു യാതൊരു പ്രയാസവും ഉണ്ടാവുമായിരുന്നില്ല" (The History of Christianity in India, vol. II, p. 319). അതിനാൽ ഡച്ചു ശക്തിക്ക് ദക്ഷിണേന്ത്യയിൽ സുസ്ഥിരപ്രതിഷ്ഠാപനം നൽകുന്നതിലേക്കു സുറിയാനി ക്രിസ്ത്യാനികളുടെ മതവിശ്വാസത്തെ ഡച്ചു മതവിശ്വാസത്തോട് ഏകീഭവിപ്പിച്ചു സുദൃഢമായ ഐക്യബന്ധം സ്ഥാപിക്കേണ്ടതു ബറ്റേവ്യൻ ഗവണ്മെന്റിന്റെ സർവ്വപ്രധാനമായ ഒരു രാഷ്ട്രീയ പരമലക്ഷ്യമായി അവർ കരുതിയിരുന്നു. ഉദ്ദിഷ്ടകാര്യനിവൃത്തിക്കായി ഡച്ചുകാർ അഞ്ചാം മാർത്തോമ്മായെ പലതരത്തിൽ വശീകരിപ്പാൻ ശ്രമിച്ചു. വമ്പിച്ച മേന്മകളും, പ്രതാപജീവിത സൗകര്യങ്ങളുമെല്ലാം ബറ്റേവ്യായിലെ ഗവർണ്ണദോർ ജനറൽ അദ്ദേഹത്തോടു തുടരെ വാഗ്ദാനം ചെയ്തു. കൊച്ചിയിലെ ഡച്ചു പീരങ്കി പട്ടാളവും ധനഭണ്ഡാഗാരവും പാണ്ടികശാലകളും അദ്ദേഹത്തിന്റെ ചുമതലയിൽ സമർപ്പിച്ചുകൊള്ളാമെന്നു കൂടി അവർ മെത്രാപ്പോലീത്തായോടു ഉറപ്പു പറഞ്ഞു. പക്ഷേ സ്വന്തം സിരാചക്രത്തിന്റെ, അനുനിമിഷത്തിൽ ഓടിക്കൊണ്ടിരിക്കുന്ന ചുടുരക്തത്തിന്റെ, നിസർഗപരിശുദ്ധിക്കു അദ്ദേഹം സ്വന്തം പിതാവിനോടു മാത്രം കടപ്പെട്ട ഒരു അഭിജാതനായതിനാൽ ലോകാഡംബരങ്ങൾക്കു വേണ്ടി നിന്ദ്യവും മ്ലേച്ഛതരവുമായ നികൃഷ്ടവൃത്തി കൈക്കൊള്ളുവാൻ അദ്ദേഹത്തിനു മനസ്സില്ലായിരുന്നു. തിരുവിതാംകൂർ, കൊച്ചി മഹാരാജാക്കന്മാരുമായി തുല്യനിലയിൽ പെരുമാറത്തക്കവിധം ദക്ഷിണേന്ത്യയുടെ ഗവർണറായി, ഡച്ചു പീരങ്കി സൈന്യങ്ങൾക്കു നിയോഗം നൽകുവാൻ അധികാരമുള്ള കോട്ടയുടെ സർവാധികാരിയായി രാജകീയ ജീവിതം നയിക്കുന്നതിനേക്കാൾ പരിപാവനമായ സ്വന്തം മതവിശ്വാസത്തിൽ നിന്ന് അണുവും വ്യതിചലിയാതെ തന്റെ പാവപ്പെട്ട സമുദായാംഗങ്ങളുടെ സുഖദുഃഖങ്ങളിൽ ഭാഗഭാക്കായി ജീവിക്കുകയാണ് ഏറ്റവും മഹത്വമെന്നു അദ്ദേഹം അചഞ്ചലഹൃദയനായി തീരുമാനിച്ചു. അതനുസരിച്ചു സ്വന്തം സഭയുടെ മൗലികമായ വിശ്വാസാചാരങ്ങളെ സംബന്ധിച്ചിടത്തോളം

ഭൂലോകമെങ്ങുമുള്ള സുറിയാനി സഭയുടെ ആകമാന സുന്നഹദോസിന്റെ തീരുമാനവും അദ്ധ്യക്ഷന്റെ അനുമതിയും കൂടാതെ തനിക്കു സ്വയമായി യാതൊന്നും പ്രവർത്തിപ്പാൻ അധികാരമില്ലെന്നു മെത്രാപ്പോലീത്താ 1730 ഫെബ്രുവരി 11-നു ഡച്ചു ചാപ്ലയിനായ നിക്കോലോയി വഴി ഡച്ചു അധികാരികൾക്കു മറുപടി അയച്ചു (Houghs History Vol. II, p. 392). ഈ മറുപടി ഗവർണ്ണർദോർ ജനറലിനെ അത്യന്തം ക്ഷുഭിതചിത്തനാക്കിതീർത്തുവെന്നു മാത്രമല്ല, അവസരം വരുമ്പോൾ ഈ കാര്യത്തിൽ ഫലപ്രദമാംവണ്ണം ഉറ്റു പരിശ്രമിക്കണമെന്നു അദ്ദേഹം കുമുദവർക്കു രഹസ്യമായി കൽപന നൽകുകയും ചെയ്തിരുന്നു.

അഞ്ചാം മാർത്തോമ്മായെ കാരാഗ്രഹത്തിലിട്ടടച്ച് ഏതാനും ദിവസം കഴിഞ്ഞശേഷം അദ്ദേഹത്തിന്റെ മതവിശ്വാസ നിഷ്ഠയ്ക്ക് ഒരു വ്യതിചലനം വരുത്തുവാനായി ഡച്ചുസൈന്യത്തിൽ ചില കുപ്പിണികളുടെ നായകത്വം വഹിച്ചിരുന്ന ചില നസ്രാണി കപ്പിത്താന്മാരെ കുമുദവർ മെത്രാപ്പോലീത്തായുടെ സന്നിധിയിലേക്കു നിയോഗിച്ചു. “കൊച്ചി രാജ്യവാസികളിൽ സുറിയാനി ക്രിസ്ത്യാനികൾ ഒട്ടും അപ്രധാനികളല്ലെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. ആയുധാഭ്യാസം മുതലായതു നായന്മാരെപ്പോലെ തന്നെ അവരും ചെയ്തുവന്നിരുന്നു. അവരെ പോർട്ടുഗീസുകാരും ഡച്ചുകാരും അവരവരുടെ സൈന്യത്തിൽ ചേർക്കുവാൻ മടിച്ചിരുന്നില്ല. അവരിൽ പലർക്കും കപ്പിത്താൻ, ആൾപ്പേരീസ്, ഓത്തനേന്തെ, അറാശു, ആരൂർ എന്ന സ്ഥാനങ്ങളെ ഡച്ചുകാർ കൊടുത്തിരുന്നു” (*കൊച്ചി രാജ്യചരിത്രം*, കെ. പി. പത്മനാഭമേനോൻ, വാല്യം 2, പുറം 673). അവരാകട്ടെ, സുറിയാനിസഭ ഒന്നാകെ പ്രോട്ടസ്റ്റന്റു മതം സ്വീകരിക്കുന്നപക്ഷം സഭയ്ക്കും സമുദായത്തിനും രാഷ്ട്രീയമായും വാണിജ്യപരമായും സാമ്പത്തികമായും ലഭിപ്പാനിടയുള്ള ക്ഷേമൈശ്വര്യങ്ങളെ സംബന്ധിച്ച് അദ്ദേഹത്തോടു ദീർഘമായി സംസാരിച്ചു. പരദേശമെത്രാന്മാരുടെ സ്വേഛാധിപത്യത്തേയും കുനയങ്ങളേയും ഒരൊറ്റ നിമിഷത്തിൽ അവസാനിപ്പിച്ച് അവരെ രാജ്യത്തു നിന്ന് ഉച്ചാടനം ചെയ്യുന്നതിന് ഇത്രത്തോളം പറ്റിയ മാർഗം വേറെ ഇല്ലെന്നും അവർ മെത്രാപ്പോലീത്തായെ ഗുണദോഷിച്ചു. മെത്രാപ്പോലീത്തായാവട്ടെ, തന്റെ മതവിശ്വാസത്തെ സംബന്ധിച്ചിടത്തോളം ആരുംതന്നെ ബുദ്ധി ഉപദേശിക്കേണ്ടതില്ലെന്നും തന്റെ ആത്മീയ സന്താനങ്ങളായ അവർ ആരുംതന്നെ ഈ വിഷയത്തിൽ മേലിൽ തന്നെ ഉപദ്രവിക്കരുതെന്നും പറഞ്ഞു കപ്പിത്താന്മാരെ മടക്കി അയച്ചു.

നസ്രാണി കപ്പിത്താന്മാരുടെ സ്നേഹപൂർവ്വമായ ആലോചനയേയും ഉപദേശത്തേയും മെത്രാപ്പോലീത്താ തീർത്തും നിരാകരിക്കുമെന്നു കുമുദവർ ഒട്ടും തന്നെ വിചാരിച്ചിരുന്നില്ല. അതിനാൽ താൻതന്നെ അവസാനമായി അഞ്ചാം മാർത്തോമ്മായുമായി കണ്ടു കാര്യത്തീർച്ച വരുത്തണമെന്നു നിശ്ചയിച്ചു ഡച്ചു കുമുദവർ ചില പ്രധാന ഉദ്യോഗസ്ഥന്മാരോടും സർവ്വവിധ പ്രതാപങ്ങളോടും കൂടി കോട്ടത്തുറുങ്കിൽ പ്രവേശിച്ചു. ആദ്യമായി കുമുദവർ ഹോളണ്ടിലെ ഡച്ചു ഗവണ്മെന്റിന്റെയും ഇന്ത്യയുടെ ബാറ്റേവ്യൻ ഗവണ്മെന്റിന്റെയും ശക്തിയേയും ഡച്ചുജനതയുടെ പരിഷ്കാരത്തേയുംപറ്റി മെത്രാപ്പോലീത്തായോടു സംഭാഷിച്ചു. അനന്തരം പ്രോട്ടസ്റ്റന്റു മതത്തിനു യൂറോപ്പിൽ അനുനിമിഷം ഉണ്ടായിക്കൊണ്ടിരിക്കുന്ന വളർച്ചയെക്കുറിച്ചും യേശുക്രിസ്തുവിന്റെ ക്രൂശുമരണം, പുനരുജ്ജീവനം എന്നീ വിഷയങ്ങളിൽ പ്രോട്ടസ്റ്റന്റു സഭയും പൗരസ്ത്യ സഭകളും തമ്മിൽ കാര്യമായ യാതൊരു വിശ്വാസഭിന്നതയുമില്ലാത്തതിനാൽ പ്രോട്ടസ്റ്റന്റു സഭാംഗമായിത്തീരുന്ന വിഷയത്തിൽ മെത്രാപ്പോലീത്തായിക്കു യാതൊരു സന്ദേഹത്തിനും ആവശ്യമില്ലെന്നും അദ്ദേഹത്തെ വിശ്വസിപ്പിക്കുവാൻ ശ്രമിച്ചു. ഒരു തടവുകാരനായി മെത്രാപ്പോലീത്താ ബറ്റേവിയായിലെ പാതാളത്തുറുങ്കിലടയ്ക്കപ്പെടുന്നപക്ഷം അനുഭവിക്കേണ്ടി വരുന്നതായ കഠോര പീഡകളെക്കുറിച്ചു കുമുദവർ വളരെയധികം സഹതാപം പ്രദർശിപ്പിച്ചു. നേരെമറിച്ചു അദ്ദേഹം പ്രോട്ടസ്റ്റന്റു മതാവലംബിയായിത്തീരുന്ന ക്ഷണത്തിൽ വിധിക്കടം പന്തീരായിരം രൂപയും പിഴയും ഡച്ചു ഗവണ്മെന്റു തന്നെ കൊടുത്തുവീട്ടുന്നതിനു പുറമെ അർദ്ധവർഷം പന്തീരായിരം രൂപാ ശമ്പളത്തിൽ മെത്രാപ്പോലീത്തായെ ഇന്ത്യയുടെയും ജാവാ ദ്വീപു സമൂഹങ്ങളുടേയും ആർച്ചുബിഷപ്പും കൊച്ചിയിലെ ഡച്ചു ഗവർണ്ണറുമായി ഉയർത്തുവാൻ ഹോളന്റിലെ ഗവണ്മെന്റ് തയ്യാറായിരിക്കുന്നുവെന്നും അതിനെ സംബന്ധിച്ചുള്ള സർവ്വ റിക്കാർട്ടുകളും തന്റെ കൈവശം ഉണ്ടെന്നും ഒരു മുക്കു മഷികൊണ്ട് സാധിക്കാവുന്ന വമ്പിച്ച നേട്ടങ്ങളെ മെത്രാപ്പോലീത്താ ദീർഘദൃഷ്ടിയില്ലാതെ വലിച്ചെറിയരുതെന്നു വിനയപൂർവ്വമായി അപേക്ഷിക്കുന്നുവെന്നും കുമുദവർ മെത്രാപ്പോലീത്തായെ സസ്നേഹം ധരിപ്പിച്ചു. അഞ്ചാം മാർത്തോമ്മാ എല്ലാം ക്ഷമാപൂർവ്വം ശ്രവിച്ച

തടവുമുറിയിൽ നിന്നു ശയ്യോപകരണങ്ങൾ നീക്കം ചെയ്തതു മുതൽ ആ വെളിച്ചം കയറാത്ത കരിങ്കൽത്തുറുങ്കിലെ കടുംതറയിൽത്തന്നെയായിരുന്നു അദ്ദേഹത്തിന്റെ ഇരിപ്പും കിടപ്പും. തണുപ്പു സഹിപ്പാൻ അദ്ദേഹത്തിനു ശക്തിയില്ലായിരുന്നു. തന്മൂലം വാതോപദ്രവം വർദ്ധിച്ചു. പ്രാർത്ഥനാവേളയിൽ കുമ്പിടുന്നതിനു പ്രയാസം തോന്നത്തക്കവണ്ണം കാൽമുട്ടുകൾക്കു വേദന തുടങ്ങി.


ശേഷം അത്യന്തം ധീരതയോടുകൂടി നൽകിയ മറുപടി പഴവന്മാരിൽ നിന്നു കേട്ടിട്ടുള്ളതിനെ ഏകദേശം അതേവിധംതന്നെ താഴെ ചേർക്കുന്നു:

‘എന്റെ പെറ്റമ്മയുടെ മുലപ്പാലോടുകൂടി ഞാൻ ഉൾക്കൊണ്ടിട്ടുള്ളതായ എന്റെ പിതാക്കന്മാരുടെ സ്തുതിചൊവ്വാകപ്പെട്ട (ഓർത്തഡോക്സ്) വിശ്വാസത്തിൽ നിന്ന് എന്നെ പിന്തിരിപ്പിക്കുവാൻ ലന്ത ഗവണ്മെന്റിനോ, സൈന്യശക്തിക്കോ, പീരങ്കികൾക്കോ, വാളിനോ, ചവണയ്ക്കോ, ഇരുമ്പാണികൾക്കോ, പട്ടിണിക്കോ, അപമാനത്തിനോ, കഷ്ടതയ്ക്കോ യാതൊരു കാലത്തും കഴിയുന്നതല്ലെന്നു പ്രിയപ്പെട്ട കുമുദവർ മനസ്സിലാക്കണം. എന്റെ മതവിശ്വാസം എന്റെ പ്രാണനോളവും എന്റെ പ്രാണനേക്കാളും എനിക്കു വിലയേറിയതാണ്. എന്റെ ശരീരത്തിൽനിന്ന് ഓരോ കഴഞ്ചു മാംസം അറുത്തു വേർപെടുത്തിയാലും എന്റെ രക്തനാഡിയിൽ നിന്നു രക്തം ഓരോ തുള്ളി തുള്ളിയായി പുറത്തേക്കു ചോർത്തിയാലും ഏതു സമയത്തും നമ്മുടെ മറുപടി ഇതു തന്നെയായിരിക്കും. എന്നെയും എന്റെ മതവിശ്വാസത്തെയും, എന്റെ മനസ്സാക്ഷിയേയും, എന്റെ സഭയേയും വഞ്ചിക്കുന്നതിനോ ഒറ്റിക്കൊടുക്കുന്നതിനോ, സ്ഥാനമാനങ്ങൾക്കുവേണ്ടി അവയെ ചവിട്ടിത്തേക്കുന്നതിനോ പന്തീരായിരം രൂപയ്ക്കല്ല, പന്തീരായിരം പത്താക്കിനു തന്നെയും അവയെ വിറ്റുകളയുന്നതിനോ, എന്റെ അവസാന ശ്വാസംവരെയും നമുക്കു കഴിയുന്നതല്ല. ഇനി ഈ കാര്യത്തിനു വേണ്ടി ഹോളണ്ടിലെ ഗവർമെന്റോ, ബത്തേവിയായിലെ ഗവർമെന്റോ, കുമുദവരോ നമ്മെ ബുദ്ധിമുട്ടിക്കരുതെന്നു നാം അപേക്ഷിക്കുന്നു. സന്തോഷമായിട്ടു പോകാം. വന്ദനം.”

കോപകലുഷിതമായ മുഖഭാവത്തോടും എന്നാൽ അൽപമൊരു ജാള്യതയോടുംകൂടി കുമുദവരും പരിവാരങ്ങളും തുറുങ്കു വിട്ടുപോയി. ഏറെ ദിവസങ്ങൾ കഴിയുന്നതിനു മുമ്പായി, മെത്രാപ്പോലീത്തായിക്കു തടവുമുറിയിൽ അനുവദിക്കപ്പെട്ടിരുന്ന സുഖസൗകര്യങ്ങൾ ഓരോന്നായി കുറഞ്ഞുതുടങ്ങി. ഭക്ഷണസാധനങ്ങളുടെ അളവു കുറഞ്ഞു, എണ്ണം കുറഞ്ഞു, ഗുണം കുറഞ്ഞു, കട്ടിൽ മുതലായ ശയ്യോപകരണങ്ങൾ വിലക്കപ്പെട്ടു. സായാഹ്നത്തിൽ കാരാഗൃഹവരാന്തയിൽ ലാത്തുന്നതിനുള്ള സ്വാതന്ത്ര്യവും നിരോധിക്കപ്പെട്ടു. ഇതിനും പുറമേ കൊലപാതകക്കൊള്ളയ്ക്കായി വധശിക്ഷയ്ക്കു വിധിക്കപ്പെട്ടിരുന്ന പത്തിരുപതു കടൽക്കള്ളന്മാരേയും അതേമുറിയിലേക്കു സ്ഥാനമാറ്റം ചെയ്തു. അവരിൽ ഒന്നുരണ്ടു ക്രിസ്ത്യാനികൾ ഒഴിച്ചു ബാക്കിയുള്ളവർ മഹമ്മദീയരും ഹിന്ദുക്കളുമായിരുന്നു. ദിവസം മൂന്നു നേരമായി നൽകപ്പെട്ടിരുന്ന ആഹാരത്തിൽ രണ്ടു നേരത്തെ ആഹാരം കൊണ്ടുമാത്രം അദ്ദേഹം ജീവസന്ധാരണം ചെയ്കയും ശേഷിച്ചവ കൂട്ടുതടവുകാരായ കടൽക്കള്ളന്മാരുടെ ഉദരപൂരണത്തിനായി വിനിയോഗിക്കുകയും ചെയ്തു. യാമംതോറും യാതൊരു മുടക്കും കൂടാതെ അതിനിഷ്ഠയോടുകൂടി അനുഷ്ഠിച്ചു പോരുന്നതായ അദ്ദേഹത്തിന്റെ നമസ്കാരകർമ്മങ്ങളും പ്രാർത്ഥനാസന്ദർഭത്തിൽ അദ്ദേഹത്തിന്റെ കണ്ണുകളിൽ നിന്നു വർഷിക്കുന്നതായ കണ്ണുനീർ പ്രവാഹവും തുടരെയുള്ള ജാനുപദ പ്രണാമവും ആ കൊലപാതകപ്പുള്ളികളുടെ ഹൃദയത്തിൽ ഈശ്വരോന്മുഖമായ വികാരതരംഗങ്ങളെ ഉണർത്തിവിട്ടു. കോട്ടക്കുള്ളിലെ പാണ്ടികശാലകളിൽ നിന്നു രാത്രികാലങ്ങളിൽ തടവുമുറികളിലേക്കു കൂട്ടംകൂട്ടമായി കയറുന്ന ചുണ്ടെലികൾ തടവുകാരുടെ വസ്ത്രം കരണ്ടുമുറിക്കുക സാധാരണമായിരുന്നുവെങ്കിലും മെത്രാപ്പോലീത്തായുടെ കുപ്പായത്തെ അവ സ്പർശിക്കപോലും ചെയ്യുന്നില്ലെന്നു കണ്ടതോടുകൂടി ആ താപസശ്രേഷ്ഠന്റെ നേരെ ആ കടൽക്കള്ളന്മാർക്കു എന്തെന്നില്ലാത്ത ഭക്തിബഹുമാനം വർദ്ധിച്ചു. അവർ അദ്ദേഹത്തിനുവേണ്ടി എന്തു ത്യാഗവും സഹിപ്പാൻ സന്നദ്ധരായിത്തീർന്നു. തടവുമുറിയിൽ നിന്നു ശയ്യോപകരണങ്ങൾ നീക്കം ചെയ്തതു മുതൽ ആ വെളിച്ചം കയറാത്ത കരിങ്കൽത്തുറുങ്കിലെ കടുംതറയിൽത്തന്നെയായിരുന്നു അദ്ദേഹത്തിന്റെ ഇരിപ്പും കിടപ്പും. തണുപ്പു സഹിപ്പാൻ അദ്ദേഹത്തിനു ശക്തിയില്ലായിരുന്നു. തന്മൂലം വാതോപദ്രവം വർദ്ധിച്ചു. പ്രാർത്ഥനാവേളയിൽ കുമ്പിടുന്നതിനു പ്രയാസം തോന്നത്തക്കവണ്ണം കാൽമുട്ടുകൾക്കു വേദന തുടങ്ങി.

(തുടരും)

സി. എം. സ്റ്റീഫൻ ഓർമയായിട്ട് നാലു പതിറ്റാണ്ട്



ഇന്ത്യയ്ക്ക് കേരളം നൽകിയ തലയെടുപ്പ്

ജോജി സൈമൺ

തിരുവനന്തപുരം: കോൺഗ്രസിന് ഒട്ടേറെ ദേശീയ നേതാക്കളെ സംഭാവന ചെയ്ത കേരളത്തിൽ നിന്നു പാർലമെന്ററി രംഗത്ത് ഒരു 'പാൻ ഇന്ത്യൻ' നേതാവുണ്ടായിട്ടുണ്ടെങ്കിൽ അതു സി. എം. സ്റ്റീഫനാണ്. ഡൽഹിയിൽ എ. ബി. വാജ്പേയിക്കെതിരെ മത്സരിച്ച ഈ മാവേലിക്കരക്കാരൻ, കേന്ദ്രമന്ത്രി സഭയിലെത്തിയത് കർണാടകത്തിലെ ഗുൽബർഗിൽ ഉപതിരഞ്ഞെടുപ്പു വിജയത്തിലൂടെയാണ്. ലോക്സഭയിൽ പ്രതിപക്ഷ നേതാവാകുന്ന കേരളത്തിലെ ആദ്യ കോൺഗ്രസുകാരൻ എന്ന വിശേഷണവും സ്റ്റീഫനു സ്വന്തം. അദ്ദേഹം കടന്നുപോയിട്ട് ഇന്ന് 40 വർഷമാകുന്നു.

ദിവാൻ സി. പി. രാമസ്വാമി അയ്യരുടെ പ്രതികാര നടപടിയാണു സി. എം. സ്റ്റീഫൻ എന്ന നേതാവിനെ കോൺഗ്രസ് രാഷ്ട്രീയത്തിനു സംഭാവന ചെയ്തത്. നിയമ ബിരുദധാരിയെങ്കിലും ഹൈദരാബാദിലും മുംബൈയിലും പത്ര പ്രവർത്തകനായിരുന്നു ആദ്യം നാട്ടിൽ മടങ്ങിയെത്തി പൗരപ്രഭ പത്രത്തിന്റെ മുഖ്യ പത്രാധിപരായി. ദിവാനെ എതിർത്തതിന്റെ പേരിൽ പത്രം പൂട്ടിയപ്പോൾ പഠി ച്ച പണി ചെയ്യാൻ തീരുമാനിച്ചു. അങ്ങനെ കൊല്ലത്തെത്തി അഭിഭാഷകനായി.

മാവേലിക്കര ചെറുകോൽ ചെമ്പകശ്ശേരിൽ ഇ. മത്തായിയുടെ യും എസ്തേറിന്റെയും മകനായി 1918-ൽ ജനിച്ചു. 1951-ൽ കൊല്ലം ഡിസിസി പ്രസിഡൻറായ സ്റ്റീഫനാണു കൊല്ലത്ത് പാർട്ടിക്കു സ്വന്തമായി ആസ്ഥാന മന്ദിരം നിർമിച്ചത്. നിയമസഭയിലേക്ക് ആദ്യ മത്സരത്തിൽ 1957ൽ തൃക്കടവൂരിൽ തോറ്റു. 1960-ൽ പക്ഷേ അവിടെത്തന്നെ മത്സരിച്ചു ജയിച്ചു. 1965-ൽ പുനലൂരിൽ ജയിച്ചു. ഇടുക്കിയിൽ നിന്നും മൂവാറ്റുപുഴയിൽ നിന്നുമായി രണ്ടുതവണ ലോകഭയിലെത്തി.

ഇന്ദിരാഗാന്ധിയോടൊത്ത് സി. എം. സ്റ്റീഫൻ

1969-ലെ പാർട്ടി പിളർപ്പിൽ ഒപ്പം നിന്നു വിശ്വസ്തതത നേടിയ സ്റ്റീഫനെ ഇന്ദിരാഗാന്ധി ചേർത്തുനിർത്തി. ഇന്ദിരാഗാന്ധി റായ്ബറേലിയിൽ തോറ്റപ്പോൾ 1978-79 കാലത്ത് പ്രതിപക്ഷ നേതൃസ്ഥാനം ഏൽപിച്ചു. അടു ത്ത തിരഞ്ഞെടുപ്പിൽ ഡൽഹിയിൽ എ.ബി.വാജ്പേയിയെ നേരിടാനുള്ള അപ്രതീക്ഷിത ദൗത്യമാണ് ഇന്ദിരാഗാന്ധി ഏൽപിച്ചത്. തോറ്റെങ്കിലും ഇന്ദിരാഗാന്ധിയോടുള്ള കൂറ് വീണ്ടും ജയിച്ചു. തൊട്ടു പിന്നാലെ ഗുൽബർഗിൽ ഉപ തിരഞ്ഞെടുപ്പിൽ മത്സരിപ്പിച്ച് ഇന്ദിരാഗാന്ധി സ്റ്റീഫനെ കേന്ദ്ര മന്ത്രിയാക്കി.

എംപിയും എഐസിസി ജനറൽ സെക്രട്ടറിയുമായിരിക്കെ 66-ാം വയസ്സിൽ മരണം. 1984 ജനുവരി 16-നു കട്ടപ്പനയിലെ യോഗത്തിൽ പ്രസംഗിച്ചുകൊണ്ടിരിക്കെ നെഞ്ചുവേദന അനുഭവപ്പെടുകയും ആശുപത്രിയിൽ മരണം സംഭവിക്കുകയുമായിരുന്നു. ❑



വചനതീർത്ഥം

ദനഹായ്ക്കു ശേഷം മൂന്നാം ഞായർ

(വി. യോഹന്നാൻ 3:1–12)



ഫാ. ജെറിൻ ജോൺ അടൂർ

വേദശാസ്ത്രപരമായി വളരെയേറെ പ്രാധാന്യം അർഹിക്കുന്ന ഒരു വേദഭാഗം ആണ് ഇന്നത്തേത്. കർത്താവ് നിക്കോദിമോസും തമ്മിലുള്ള സംഭാഷണം വളരെയേറെ പ്രത്യേകതകൾ നിറഞ്ഞ സംഭാഷണമാണ്. വേദശാസ്ത്രപരമായി വളരെയേറെ ആഴങ്ങൾ ഗ്രഹിക്കാവുന്ന വേദഭാഗം കൂടിയാണ്.

വീണ്ടും ജനനം' എന്ന ശൈലിയുടെ അക്ഷരാർത്ഥം 'ഉയരത്തിൽ നിന്ന് ജനിക്കുക'എന്നാകുന്നു.നിക്കോദേമോസിന് വാസ്തവത്തിൽ ഒരു ആവശ്യമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മനസ്സിന് ഒരു മാറ്റം ആവശ്യമായിരുന്നു.

ബൈബിളിൽ നിക്കോദിമോസിനെക്കുറിച്ച് മൂന്ന് പ്രാവശ്യം മാത്രമാണ് പരാമർശിച്ചിട്ടുള്ളത്. അവ മൂന്നും യോഹന്നാൻറെ സുവിശേഷത്തിലാണ്. (യോഹ 3, 7:50 19:39).

'ജനപ്രീതി നേടിയ' ഗുരുവിനെ കാണാൻ ആഗ്രഹിക്കുന്ന നിക്കോദിമോസ്

യേശുവിൻറെ കീർത്തി യരുശലേമിൽ എല്ലായിടത്തും വ്യാപിച്ചു. ഗലീലക്കാരനായ ഗുരുവിനോട് നിക്കോദേമോസിനും താല്പര്യം തോന്നി. യഹൂദന്മാരുടെ ഭരണസമിതിയായ സെൻഹദ്രിം സംഘത്തിലെ അംഗമായിരുന്നു നിക്കോദേമോസ്. അതിനാൽ 'ജനപ്രീതി നേടിയ ഗുരുവി' നെക്കുറിച്ച് അറിയുവാനുള്ള ആഗ്രഹം നിക്കോദേമോസിൽ സ്വാഭാവികമായും അങ്കുരിച്ചു.സെൻഹദ്രിം സംഘത്തിലെ അംഗമായിരിക്കുക എന്നത് അപൂർവ്വമായൊരു ബഹുമതിയായിരുന്നു. മഹാപുരോഹിതൻ, ഇരുപത്തിനാല് ''മുഖ്യ പുരോഹിതന്മാർ'', സാധാരണക്കാരായ യഹൂദന്മാരുടെ പ്രതിനിധികളായ "ഇരുപത്തിനാലു മൂപ്പന്മാർ" യഹൂദ്യ ന്യായപ്രമാണത്തിൻറെ മികവുറ്റ വ്യാഖ്യാതാക്കളായ ഇരുപത്തിരണ്ട് ശാസ്ത്രിമാർ എന്നിങ്ങനെ എഴുപത്തിയൊന്ന് അംഗങ്ങളാണ് സെൻഹദ്രിം സംഘത്തിലുള്ളത്.ഓരോ ദിവസവും സെൻഹദ്രിം കൂടിവരികയും, ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യുമായിരുന്നു. ദേശത്തിൻറെ മതപരമായ വിശ്വാസ സംരക്ഷണം, വിഗ്രഹാരാധനയ്ക്കെതിരായ ജാഗ്രത, മതനിന്ദകരെ ന്യായം വിധിക്കുക എന്നിവയും സെൻഹദ്രിം സംഘത്തിൻറെ കർത്തവ്യമായിരുന്നു. മാത്രമല്ല, യഹൂദന്മാരുടെ ദൈവാലയത്തിനോട് പ്രത്യേക താല്പര്യം സംഘത്തിനുണ്ടായിരുന്നു. യെരുശലേമിലേക്കുള്ള ആദ്യ സന്ദർശന വേളയിൽ, വാങ്ങുകയും വിൽക്കുകയും ചെയ്യുന്നവരെ, കർത്താവ് ദൈവാലയത്തിൽ നിന്നും ആട്ടിപ്പുറത്താക്കി. കർത്താവിൻറെ പ്രവൃത്തി സെൻഹദ്രിം സംഘത്തെ ചൊടിപ്പിച്ചു. കാരണം ദൈവാലയത്തെ കച്ചവടസ്ഥലമാക്കുവാൻ അനുവദിച്ചത് അവരായിരുന്നു. സംഘത്തിൽ പലരും യേശുവിനെ വെറുത്തു. നിക്കോദേമോസിനാകട്ടെ യേശുവിനോട് വളരെ താല്പര്യം തോന്നി. അതുകൊണ്ട് അദ്ദേഹം രഹസ്യമായി യേശുവിനെ കാണ്മാൻ പോയി.

വ്യക്തിപരമായി കർത്താവിന് നിക്കോദേമോസിനോടും താല്പര്യമായി. കാരണം നിക്കോദേമോസ് വളരെ ഭക്തനായ ഒരു മനുഷ്യനായിരുന്നു. എല്ലാ യഹൂദന്മാരിലും കർക്കശക്കാരായ, പരീശന്മാരിലൊരുവനായിരുന്നു അദ്ദേഹം. പരീശന്മാർ തിരുവെഴുത്തുകൾ വായിക്കുകയും, പഠിക്കുകയും, മനഃപാഠമാക്കുകയും ചെയ്തിരുന്നു. സ്വന്തമായുണ്ടായിരുന്നതിലെല്ലാം ഒരു പങ്ക് അവർ ദാനം ചെയ്തിരുന്നു. ഔഷധച്ചെടികളുടെയും പതാരം (ദശാംശം) കൊടുത്തിരുന്ന പരീശന്മാർ, വളരെ കർശനമായി ശബ്ബത്ത് ആചരിക്കുന്നവരും ദൈവാലയത്തിൽ ആരാധനയ്ക്ക് ക്രമമായി സംബന്ധിക്കുന്നവരുമായിരുന്നു.മതഭക്തനും മാന്യനുമായിരുന്ന നിക്കോദേമോസ്, സംസ്ക്കാര സമ്പന്നൻ, അഭ്യസ്തവിദ്യൻ, തറവാടിത്തമുള്ളവൻ എന്നിങ്ങനെ സമൂഹത്തിൽ അംഗീകരിക്കപ്പെടുന്ന ഒരു മനുഷ്യൻറെ എല്ലാ സവിശേഷതകളും ഒത്തിണങ്ങിയ ഒരുവനായിരുന്നു. വാസ്തവത്തിൽ നിക്കോദേമോസിന് യേശുവിൽ താല്പര്യമായി. യേശുവിൻറെ യരുശലേം പ്രവേശനം, ഒരുപോലെ എല്ലാവരുടെയും സംസാരവിഷയമായി. വിസ്മയകരമായ വീര്യ പ്രവൃത്തികൾ ചെയ്യുന്ന യേശുവിനെ നേരിൽ കാണുവാൻ നിക്കോദേമോസിൻറെ ഉള്ളം കൊതിച്ചു. അതുകൊണ്ട് രാത്രിയിൽ അദ്ദേഹം യേശുവിൻറെ അടുത്ത് വന്നു.

രാത്രിയുടെ സങ്കീർണതകളിൽ നിന്നും പ്രകാശത്തിന്റെ ഉറവയിലേക്കുള്ള യാത്ര നിർവഹിച്ച നിക്കോദിമോസ്

ഒരുപക്ഷേ, തന്റെ അറിവിന്റെ ചക്രവാളം വികസിപ്പിക്കുന്നതിനും അതുവഴിയായി തന്റെ കൂടെയുള്ളവർക്ക് മെച്ചമായ സേവനം നല്കുകയുമാകാം യേശുവുമായുള്ള ഈ 'രാത്രിസംഭാഷണത്തിന്റെ' അർത്ഥം. യോഹന്നാന്റെ സുവിശേഷത്തിൽ യേശുവിന്റെ ദേവാലയ ശുദ്ധീകരണം കഴിഞ്ഞ ഉടനെയാണ് ഈ സന്ദർശനം നടക്കുന്നത്. അതുകൊണ്ടു തന്നെ 'ദൈവം കൂടെയില്ലെങ്കിൽ ഒരുവനും നീ ചെയ്യുന്ന അടയാളങ്ങൾ പ്രവർത്തിക്കാൻ കഴിയുകയില്ല' എന്ന വാക്കുകളിൽ, യേശുവിന്റെ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരം കൂടിയാണ്.

പരീശനായ നിക്കോദേമോസിനനു യേശുവിനെ പരസ്യമായി അനുകൂലിക്കാൻ അന്നത്തെ സാഹചര്യത്തിൽ ബുദ്ധിമുട്ടുണ്ടായിരുന്നിരിക്കാം. എന്നാൽ, യേശുവിന്റെ ജീവിതത്തിലെ നിർണ്ണകമായ രണ്ടു സമയങ്ങളിൽ അവൻ ഇടപെടുന്നുണ്ട്. 'യേശുവിനെ കാണാതെയും കേൾക്കാതെയും' അവനെ വിധിക്കരുത് എന്ന് മറ്റു പരീശന്മാരോട് പറയുന്നതിന്റെ (7:5052) അർത്ഥം കാണുകയും കേൾക്കുകയും ചെയ്ത എനിക്ക് യേശുവിനെ നന്നായി അറിയാം എന്നാണ്. രണ്ടാമത്തേത്, സ്വന്തം ശിഷ്യന്മാർ ഉപേക്ഷിച്ചപ്പോഴും ഈ രഹസ്യശിഷ്യനാണ് അരിമത്യക്കാരൻ ജോസഫിന്റെ കൂടെ യേശുവിനെ കല്ലറയിൽ സംസ്കരിക്കാൻ ഒരുമ്പെടുന്നത് (19:39).

നിക്കോദിമോസിന്റെ വിശ്വാസയാത്ര വളരെ പ്രകടവും ആകർഷണീയവും അനുകരണീയവുമാണ്. ആദ്യം യേശുവിനെ അറിയാൻ ശ്രമിക്കുന്നു. പിന്നീട്, പരസ്യമായി പിന്തുണയ്ക്കുന്നു. അവസാനമായി കുരിശിൻചുവട്ടിൽ കൂടെ നിൽക്കുന്നു. 'രാത്രി'യിൽ ആരംഭിച്ച ആ യാത്ര വലിയ പ്രകാശത്തിലാണ് ചെന്നവസാനിക്കുന്നത്. നമ്മളറിയാത്ത, നമുക്കറിയാത്ത ഒരുപാട് ശിഷ്യന്മാർ യേശുവിന് ഇന്നുമുണ്ട്. യേശുവിനെ നന്നായി അറിയുന്നു എന്ന് അവകാശപ്പെടുന്ന നമുക്ക് നിക്കോദിമോസ് എന്ന രഹസ്യശിഷ്യൻ വലിയ പ്രതീകവും അതേസമയം വെല്ലുവിളിയുമാണ് സമ്മാനിക്കുന്നത്. പൗരസ്ത്യ സഭകൾ വിശുദ്ധരുടെ ഗണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന നിക്കോദിമോസിനെപ്പോലെ ക്രിസ്തുവിന്റെ കുരിശിൻചുവട്ടിൽ നിൽക്കാൻ കഴിയുന്ന ശിഷ്യന്മാരുടെ കൂടെയായിരിക്കുവാൻ നമുക്കും പരിശ്രമിക്കാം.

വീണ്ടും ജനനത്തിന്റെ പ്രാധാന്യം മനസിലാക്കിയ നിക്കോദിമോസ്

ദൈവരാജ്യത്തിനു അവകാശിയായിത്തീരുന്നു. ദൈവരാജ്യത്തിലേക്കുള്ള പ്രവേശനകവാടമാണ് വീണ്ടുംജനനം. ദൈവരാജ്യത്തിൽ ഒരു വ്യക്തി പ്രവേശിക്കുന്നത് വീണ്ടുംജനനത്തിലൂടെ മാത്രമാണ്. നിക്കോദേമൊസിനോട് ക്രിസ്തു വ്യക്തമാക്കി: "ആമേൻ, ആമേൻ, ഞാൻ നിന്നോട് പറയുന്നു; പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണ്മാൻ ആർക്കും കഴികയില്ല എന്ന് ഉത്തരം പറഞ്ഞു. നിക്കോദേമൊസ് അവനോടു: മനുഷ്യൻ വൃദ്ധനായശേഷം ജനിക്കുന്നത് എങ്ങനെ? രണ്ടാമതും അമ്മയുടെ ഉദരത്തിൽ കടന്നു ജനിക്കാമോ എന്നു ചോദിച്ചു. അതിന്നു യേശു: ആമേൻ, ആമേൻ, ഞാൻ നിന്നോടു പറയുന്നു: വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴികയില്ലാ." (യോഹ, 3:3–5). ❑

യേശുവിൽ വിശ്വസിക്കുന്ന ഒരു മനുഷ്യന് നിത്യജീവൻ നൽകുന്ന ഒരു ദൈവീക പ്രവർത്തി ആണ് വീണ്ടും ജനനം.

ഇപ്പോൾ ഉള്ളതിനേക്കാൾ കൂടുതൽ നല്ലവനായ ഒരു മനുഷ്യൻ ആയിതീരുന്നതല്ല വീണ്ടും ജനനം. അത് ഒരു പുതിയ തത്വശാസ്ത്ര പ്രകാരം വ്യത്യസ്തമായ ഒരു ജീവിതം ആരംഭിക്കുന്നതും അല്ല.

വീണ്ടും ജനനം എന്നത് ഭൌതീകമായ മാറ്റങ്ങൾ അല്ല, ആത്മീയമായ രൂപാന്തരം ആണ്, അതായത്, വെള്ളത്താലും ആത്മാവിനാലും ജനിക്കുക.

നിക്കോദേമൊസിന് ഒരു മാറ്റം ആവശ്യമായിരുന്നു, അവൻറെ ഹൃദയത്തിന് ഒരു മാറ്റം അനിവാര്യം ആയിരുന്നു. അവനു ഒരു ആത്മീയ രൂപാന്തരം അത്യാവശ്യമായിരുന്നു.

എന്നാൽ വീണ്ടും ജനനം എന്ന യേശുവിന്റെ ഉപദേശം അവനു ഗ്രഹിക്കുവാൻ കഴിഞ്ഞില്ല. ശാരീരികമായ ജനനത്തെക്കുറിച്ച് മാത്രമേ അവനു ചിന്തിക്കുവാൻ കഴിഞ്ഞിരുന്നുള്ളൂ. ഭൌതീകമായി വീണ്ടും ജനിക്കുക എന്നത് അസാദ്ധ്യമാണ് എന്നും അവനു അറിയാമായിരുന്നു.

അതുകൊണ്ട് നിക്കോദേമൊസ് യേശുവിനോട് ചോദിച്ചു: "മനുഷ്യൻ വൃദ്ധനായശേഷം ജനിക്കുന്നതു എങ്ങനെ? രണ്ടാമതും അമ്മയുടെ ഉദരത്തിൽ കടന്നു ജനിക്കാമോ". (യോഹന്നാൻ 3: 4)

ഇവിടെ യേശു പറഞ്ഞ മറ്റൊരു വാക്യം ആവർത്തിച്ചു വായിക്കുവാൻ ആഗ്രഹിക്കുന്നു.

യോഹന്നാൻ 3: 6 ജഡത്താൽ ജനിച്ചതു ജഡം ആകുന്നു; ആത്മാവിനാൽ ജനിച്ചതു ആത്മാവു ആകുന്നു.



ചെന്നൈ പുഴുതിവാക്കം സെന്റ് തോമസ് മൗണ്ട് പള്ളിയുടെ സ്ഥാപനമായ സെന്റ് തോമസ് മെട്രിക്കുലേഷൻ ഹയർ സെക്കണ്ടറി സ്കൂളിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങൾ സമാപിച്ചു. സമാപന സമ്മേളനം മാർത്തോമ സഭ ചെന്നൈ, ബാംഗ്ളൂർ ഭദ്രാസനാദ്ധ്യക്ഷൻ ഡോ. ഗ്രീഗോറിയോസ് മാർ സ്തേഫാനോസ് ഉദ്ഘാടനം ചെയ്തു. മദ്രാസ് ഭദ്രാസന ഇടയൻ ഗീവർഗീസ് മാർ പീലക്സീനോസ് അധ്യക്ഷത വഹിച്ചു.



കെസിസി ക്ലർജി കമ്മീഷൻ പത്തനംതിട്ട ജില്ലാ ചെയർമാനായി ഫാ. മാത്യു എബ്രഹാം തിരഞ്ഞെടുക്കപ്പെട്ടു. ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ മുൻ സെക്രട്ടറിയാണ്.



എറണാകുളത്ത് ജനുവരി 12ന് നടന്ന കേരള സ്റ്റേറ്റ് മാസ്റ്റേഴ്സ് ഗെയിംസിൽ ഫിഫ്റ്റി പ്ളസ് വിഭാഗത്തിൽ കോട്ടയം ജില്ലയ്ക്കായി മത്സരിച്ച സോളമൻ തോമസ് പവർലിഫ്റ്റിങ്ങിൽ ഒന്നാം സ്ഥാനം നേടി സ്വർണ്ണ മെഡലും, പഞ്ചഗുസ്തിയിൽ രണ്ടാം സ്ഥാനം നേടി വെള്ളി മെഡലും കരസ്ഥമാക്കി. കളത്തിപ്പടിയിൽ പ്രവർത്തിക്കുന്ന സോളമൻസ് ജിമ്മിന്റെ ഉടമയും പരിശീലകനുമാണ്. കോട്ടയം സെൻട്രൽ ഭദ്രാസനത്തിലെ സെന്റ് മേരീസ് ചെറിയപള്ളി മഹാഇടവക അംഗവുമാണ്.

ഓർത്തഡോക്സ് സഭയുടെ മെറിറ്റ് ഈവനിംഗ്

കോട്ടയം: പൊതു പരീക്ഷകളിൽ മികച്ച വിജയം നേടിയവരും, കലാകായിക രംഗങ്ങളിൽ മികവ് തെളിയിച്ചവരും, വിവിധ അവാർഡ് ജേതാക്കളുമായ സഭാംഗങ്ങളെ അനുമോദിക്കുന്നതിനായി മലങ്കര ഓർത്തഡോക്സ് സഭ സംഘടിപ്പിക്കുന്ന മെറിറ്റ് ഈവനിംഗ് 2024 ജനുവരി 26 വെള്ളിയാഴ്ച 2 മണിക്ക് ശാസ്താംകോട്ട മാർ ഏലിയാ ചാപ്പൽ അങ്കണത്തിൽ നടക്കും. പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ സമ്മേളനം ഉദ്ഘാടനം ചെയ്ത് അവാർഡുകൾ വിതരണം ചെയ്യുന്നതും, വിഴിഞ്ഞം പദ്ധതിയുടെ മാനേജിംഗ് ഡയറക്ടർ ഡോ. ദിവ്യ എസ്. അയ്യർ IAS മുഖ്യ പ്രഭാഷണം നടത്തുന്നതുമാണ്. ഡോ. ജോസഫ് മാർ ദിവന്നാസിയോസ്, യാക്കോബ് മാർ ഏലിയാസ്, വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ, അത്മായ ട്രസ്റ്റി റോണി വർഗീസ് ഏബ്രഹാം, ഫാ. സാംജി റ്റി. ജോർജ്, ജോൺ സി. ഡാനിയേൽ എന്നിവർ ആശംസകൾ നേരും.

അറിയിപ്പ് ലഭിച്ചവർ അന്നേദിവസം 12.30-ന് മുമ്പായി ശാസ്താംകോട്ട മാർ ഏലിയാ ചാപ്പൽ അങ്കണത്തിൽ ക്രമീകരിച്ചിരിക്കുന്ന പ്രത്യേക കൗണ്ടറിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണെന്നും, അവാർഡിന് അർഹരായവരുടെ പേരുകൾ സഭയുടെ വെബ്സൈറ്റിൽ (www.mosc.in) പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ അറിയിച്ചു.



മികച്ച സാമൂഹ്യ പ്രവർത്തകനുള്ള ഭാരത് സേവക് സമാജ് ദേശീയ പുരസ്കാരം നേടിയ ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം മുൻ കേന്ദ്ര സെക്രട്ടറിയും മുൻ ജില്ലാ പഞ്ചായത്ത് അംഗവും ജനതാദൾ സംസ്ഥാന സെക്രട്ടറിയുമായ ജേക്കബ് ഉമ്മൻ. മാവേലിക്കര പത്തിച്ചിറ സെന്റ് ജോൺസ് ഇടവക അംഗമാണ്.



സൺഡേ സ്കൂൾ പ്രസ്ഥാനത്തിന്റെ, ഈ വർഷത്തെ മികച്ച പ്രഭാഷകയ്ക്കുള്ള വാഗ്മി തിലകമായി കുമാരി ജ്യോത്സന റോയി തെരഞ്ഞെടുക്കപ്പെട്ടു. വാകത്താനം വലിയ പള്ളി ഇടവകാംഗവും അടൂർ കരുവാറ്റ സെന്റ് മേരീസ് സൺഡേ സ്കൂൾ വിദ്യാർത്ഥിനിയുമാണ്. ഞാലിയാകുഴി വള്ളവൻകടവിൽ റോയി വറുഗീസിന്റെയും ഷൈലയുടെയും മകളാണ്.

JESUS' CONVERSATION WITH NICODEMUS

(Third Sunday after Denaha, John 03:1-12)

Fr. Sajoie Samuel



Nicodemus was a Jewish leader, a member of the Sanhedrin which was a powerful religious and political body in Judaism. Morever, Nicodemus was also a Pharisee (the word Pharisee means 'separated'). Their main aim was to purge Judaism of all unwanted influences and preserve it's sanctity. We see Nicodemus later in John 07: 50-52 where he speaks to his colleagues in support of Jesus. Finally, we see Nicodemus and Joseph of Arimathea in John 19:39 uniting together to prepare the body of Jesus for His burial.

I. NICODEMUS: SPIRITUAL JOURNEY OF AN AMATEUR BELIEVER

The Greek word Nicodemus is derived from two root words i.e. 'nikos' and 'demos'. The former means victories whereas the latter means public, people. Hence Nicodemus refers to 'Conqueror of the people'. Though his early conversations with Christ show Nicodemus to be a spiritual novice, but his subsequent references in the gospel of John show the spiritual maturity he gained. From a person who meets Jesus in the secrecy of the night to a person who prepares Jesus body for burial shows the quantum change in the Pharisee.

Though Nicodemus was a Pharisee his thinking about Jesus was way different than his contemporaries. He addresses Jesus as Rabbi which means 'Great one'. Rabbi were Jewish teachers who would instruct the common people on the Scriptures. Nicodemus further says that Jesus is "sent by God" which negates the claims of other Pharisees that Jesus drove out demons by the power of Beelzebul. From this standpoint Nicodemus speaks to his colleagues in favour of Jesus. Further, after the death of Jesus, when His disciples fled away in fear, Nicodemus along with Joseph of Arimathea plucked up courage to prepare Jesus' body for burial. Hence we see the spiritual enriching journey of Nicodemus.

II. REBIRTH AS A CONTINUATION OF O.T. PROMISE

The washing here is in accordance to cleansing with water and purging by the Holy Spirit. This brings about a spiritual awakening by which a faithful can enter the Kingdom of God. Through this human process, God would replace human wickedness and provide them with a heart of contrite and repentant nature. Hence this would be the catalyst that would encourage humans to walk in the precepts of God. Rebirth is a spiritual process and not a physical criteria. The problem lies in the fact that Nicodemus saw it in a physical realm than a spiritual awakening.

We see Jesus referring to Nicodemus as 'you' which refers to Jewish teachings and practices. So Nicodemus is able to understand that Jesus was hinting at change in popular notions of Pharisic teaching. The hint was at the staunch teachings of the Pharisees who were unwilling to bring a change in their teachings or concepts. It is these teachings that Jesus and John the Baptist ardently criticised and looked to change.

III. WITHOUT REBIRTH WE ARE SPIRITUALLY DEAD

Birth gives us life and form. Without birth we lack body or existence. When we are spiritually born, we become one with the Holy Trinity by partaking in the Holy Eucharist. This is the first mark of being a Christian as we partake of the Holy Eucharist through the sacrament of Holy Baptism. In the case of the rich young man, who came to see Jesus, he was a renowned personality on earth being blessed with wealth, knowledge that too at a young age. But when Jesus guides him to help him have a spiritual identity, he turns away. Hence, though he was alive on earth, in the spiritual realm he was nowhere.

St. Paul in 2 Cor 05: 17 says "When anyone is joined to Christ, he is a new being; the old is gone, the new has come". For making us a renewed beings, He forgave us our transgressions by which we could stand in His presence without guilt and with a clear conscience. He is the loving father of the Prodigal Son who embraces his son, forgives him and gives him the robe of sonship that reinstated him to his earlier glory.

IV. REBIRTH WAS A BREAK-FREE FROM OLD TRADITION

John the Baptist, the forerunner of Jesus Christ was the first one to bring to the fore the true connotation of being born anew. He announces to those who came to him to be baptised that to be saved from the axe kept at the roots, they had to repent. With harsh words he corrects the faulty thinking of the Pharisees by saying that God could make offsprings from stones. The same concept is brought up later by Jesus in His conversation with the devil in the Gospel of St. Matthew chapter 03.

The Jews were taught that since they were descended from Abraham, they were automatically assured of their berth in heaven. Some Jews were of the misconception that Abraham stood watch at the gate of hell to make sure that none of his descendants were accidentally languishing in hell. No wonder that Nicodemus was surprised by the words of Jesus Christ.

To sum up, the Orthodox Church observes January 22nd to January 24th as Ninevah Lent or Three Days Lent. It marks the public ministry of Prophet Jonah who is sent by God to Nineveh to preach to them to repent from their sins. On hearing this proclamation the king gets down from his throne, and announces to his subjects that all are to repent of their sins. This repentance on the part of the Ninevites forces God to show mercy to them and they are spared. Let us take these three days as a preparation for Great Lent. May God bless us.

❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH



സ്തേഫാനോസ് മാർ തേവോദോസിയോസിന്റെ ജന്മ ശതാബ്ദി ആഘോഷങ്ങളോടനുബന്ധിച്ച് പാത്താമുട്ടം സ്തേഫാനോസ് മാർ തേവോദോസിയോസ് മെമ്മോറിയൽ മിഷൻ സെന്ററിൽ യുവജന സംഗമം നടന്നു.



ഗാല സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവകയിൽ വി. കന്യക മറിയം അമ്മയുടെയും പരിശുദ്ധ പരുമല തിരുമേനിയുടെയും നാമത്തിൽ സ്ഥാപിതമായ കുരിശടികളുടെ കൂദാശാകർമ്മം 2024 ജനുവരി 12-നു സന്ധ്യാനമസ്കാരത്തെ തുടർന്ന് ഇടവക മെത്രാപ്പോലീത്താ ഗീവർഗീസ് മാർ തെയോഫിലോസിന്റെ മുഖ്യ കർമ്മികത്വത്തിൽ നടത്തപ്പെട്ടു.





നാലുവർഷ ഡിഗ്രി കോഴ്സിനെപ്പറ്റിയുള്ള മാർഗനിർദേശക ക്യാംപിന്റെ ഉദ്ഘാടനം പരുമലയിൽ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് നിർവഹിക്കുന്നു. മറിയാമ്മ ജോൺ, ഡോ. സുമേഷ്, പ്രൊഫ. ഇ. ജോൺ മാത്യു, ഡോ. രാജൻ വർഗീസ്, മോനി കല്ലംപറമ്പിൽ എന്നിവർ സമീപം.



കെ.ജി. കോളജ് എൻ.എസ്.എസിന്റെ ഈ വർഷത്തെ ബഹുമുഖ പ്രവർത്തനങ്ങളിലൊന്നായ സ്നേഹവീടിന് തുടക്കമായി. യുവതലമുറയെ സാമൂഹിക പ്രതിബദ്ധതയുള്ളവരാക്കുക എന്നതാണ് നാഷണൽ സർവീസ് സ്കീമിന്റെ ഒരു ലക്ഷ്യം. അതിലേക്കുള്ള ഒരു ചുവടുവയ്പാണ് ഈ ഭവന നിർമ്മാണം. കെ. ജി. കോളേജ് പാമ്പാടി എൻ.എസ്.എസ്. യൂണിറ്റ് എം.ജി. യൂണിവേഴ്സിറ്റി എൻ.എസ്.എസുമായി സഹകരിച്ച് കെ. ചിറ്റിലപ്പള്ളി ഫൗണ്ടേഷന്റെ സാമ്പത്തിക സഹായത്തോടെ നിർമ്മിച്ചു നൽകുന്ന സ്നേഹവീടിന് കോളേജ് ലോക്കൽ മാനേജർ ഫാ. അനൂപ് എബ്രഹാം തറക്കല്ലിട്ടു.



എൻവയൺമെന്റ് സയൻസിൽ കേരള സർവകലാശാലയിൽ നിന്നും അനുല സൂസൻ വർഗീസിന് ഡോക്ടറേറ്റ് ലഭിച്ചു. ഭർത്താവ് തിരുവനന്തപുരം ശ്രീകാര്യം കരിയംദേവിപുരം കൈരളി ഭവനിൽ ഡോ. ജയിംസ് ഉമ്മൻ (ദോഹ, ഖത്തർ). മകൻ തോമസ് ജെയിംസ് M.B.B.S. വിദ്യാർത്ഥി ആണ്. തിരുവനന്തപുരം ഭദ്രാസനത്തിലെ ശ്രീകാര്യം മാർ ബസേലിയോസ് മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് പള്ളിയാണ് ഇടവക.



പടിഞ്ഞാറെകല്ലട, നടുവിലക്കര അഞ്ജനത്തിൽ അച്ചൻകുഞ്ഞു-ഏലിയാമ്മ ദമ്പതികളുടെ മകൻ അജീഷ് എ. കെ. ഇംഗ്ലീഷ് ഭാഷയിൽ ഡോക്ടറേറ്റ് നേടി. നിലവിൽ തെലുങ്കാന, വാറങ്കൽ NIT യിൽ അസിസ്റ്റന്റ് പ്രൊഫസറാണ്. കല്ലട വലിയപള്ളി ഇടവകാംഗം.